Goodword

മൗലാനാ
വഹീദുദ്ദീൻ ഖാൻ

# സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതി



വിവർത്തനം:
ഡോ. എൻ കെ മുസ്തഫ കമാൽ പാഷ

# സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതി

**Maulana**
**Wahiduddin Khan's**

**Srashtavinte srishtipathathi** (Malayalam Translation)

**The creation plan of God** (English Original)

**Translated by: Dr. N K Musthafa Kamal Pasha M A, Ph D**

**All rights reserved**

**Publishers: Goodword Books Kerala**
**S M Street,**
**Calicut-1**
**Phone: 8129538666**
**Email: Keralagoodword@gmail.com**
**Web: www.Keralagoodword.com**

**Type, Layout and Cover: Shily-93 88 704 101**

**Printed @:**

**First Published: November 2016**

**Copies: 1000**

**Price: Rs. 40**

മൗലാനാ

# വഹീദുദ്ദീൻ ഖാൻ

# സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതി

വിവർത്തനം:

ഡോ. എൻ കെ മുസ്തഫാ കമാൽ പാഷ

**Goodword Books Kerala**

# പ്രസാധകക്കുറിപ്പ്

**ആ**ധുനിക മനസ്സിനെ അഭിമുഖീകരിക്കുന്ന ഭാഷയിലും ശൈലിയിലും ഇസ്‌ലാമിക അധ്യാപനങ്ങളെ അവതരിപ്പിക്കേണ്ട വർത്തമാന കാലഘട്ടത്തിന്റെ ദൗത്യമാണ് വിശ്വപ്രസിദ്ധ ഇസ്‌ലാമിക ചിന്തകനായ മൗലാനാ വഹീദുദ്ദീൻ ഖാൻ നിർവ്വഹിച്ചത്. പ്രവാചക ജീവിതം, ആത്മീയത, സമാധാനം എന്നിവയെ ആധാരമാക്കി ഇരുനൂറിലധികം കൃതികൾ മൗലാന രചിച്ചിട്ടുണ്ട്. അദ്ദേഹം സ്ഥാപിച്ച CPS International ഇസ്‌ലാമിനെ സമ്പൂർണ്ണ സമാധാന തത്വസംഹിതയായി ലോകത്തിനുമുമ്പിൽ അവതരിപ്പിക്കുകയും സമാധാനം, ആത്മീയത എന്നിവയെക്കുറിച്ച് ഏതൊരു വ്യക്തിക്കും അവബോധം നല്കുകയും ചെയ്യുന്നു.

സ്രഷ്ടാവിൽ കേന്ദ്രീകൃത ജീവിതം നയിച്ചുകൊണ്ട് ആത്മീയതയിലൂടെ സ്വയം മാറുക; എങ്കിൽ, ലോകത്തെ പരിവർത്തിപ്പിക്കാൻ സാധിക്കുമെന്ന് അദ്ദേഹം നിരന്തരം ഉപദേശിക്കുന്നു. ആഗോള സമാധാനത്തിനും ഐക്യത്തിനും വേണ്ടി ആത്മീയതയുടെയും സമാധാനത്തിന്റെയും സന്ദേശം ലോകത്തിലെ ഓരോ ഭവനങ്ങളിലും എത്തിക്കണമെന്നാണ് മൗലാനയുടെ വീക്ഷണം. ആ ദൗത്യം ഏറ്റെടുത്തുകൊണ്ട് മൗലാനയുടെ മുഴുവൻ കൃതികളും മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യുകയാണ് ഞങ്ങൾ. ബഹുമത സംസ്കാരങ്ങളുടെ ഭൂമികയായ ഇന്ത്യയിൽ, "ഒന്നിനെ പിന്തുടരുക, മറ്റെല്ലാത്തിനെയും ബഹുമാനിക്കുക." എന്ന പരസ്പര സഹവർത്തിത്വത്തിന്റെ സംസ്കാരം ഊട്ടിയുറപ്പിക്കുന്നതിന് ഞങ്ങളുടെ പ്രവർത്തനങ്ങൾ കാരണമാകട്ടെയെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

ഡയരക്ടർ

ഗുഡ് വേഡ് ബുക്സ് കേരള.

# മൗലാനാ വഹീദുദ്ദീൻ ഖാൻ

**1925** ആണ്ടിൽ ഉത്തരപ്രദേശിലെ അസംഗറിലായിരുന്നു മൗലാനാ വഹീദുദ്ദീൻ ഖാന്റെ ജനനം. അദ്ദേഹത്തിന്റെ നാലാം വയസ്സിൽ പിതാവ് ഫരീദുദ്ദീൻഖാൻ മരിച്ചു. മാതാവ് സൈബുന്നിസാ ഖാത്തൂന്റെ സംരക്ഷണത്തിലായിരുന്നു മൗലാന വളർന്നത്. വിദ്യാഭ്യാസത്തിനുള്ള സൗകര്യം നല്കിയിരുന്നത് അമ്മാവൻ സൂഫീ അബ്ദുൽ ഹമീദ് ഖാൻ ആയിരുന്നു.

മൗലാനയുടെ കുടുംബത്തിലെ മറ്റ് അംഗങ്ങൾ പാശ്ചാത്യ വിദ്യാഭ്യാസം തിരഞ്ഞെടുത്തപ്പോൾ 1938 ആണ്ടിൽ അസംഗറിലെ മദറസത്തുൽ ഇസ്ലാഹിയയിൽ പരമ്പരാഗത മത വിദ്യാഭ്യാസത്തിന് വേണ്ടി മൗലാന ചേർന്നു. 1944 ആണ്ടിൽ മത വിദ്യാഭ്യാസത്തിൽ ബിരുദവും കരസ്ഥമാക്കി.

ഇസ്ലാമിക പ്രമാണമായ വിശുദ്ധ ഖുർ,ആനിലെ “എല്ലാ പ്രയാസങ്ങളുടെയും കൂടെ സൗകര്യവുമുണ്ട്” എന്ന സൂക്തം ഇസ്ലാമിന്റെ കേന്ദ്ര തത്വമായിട്ട് താൻ കണ്ടെത്തിയെന്ന് മൗലാനാ പറഞ്ഞു. ഒന്നുകിൽ നമുക്ക് പ്രശ്നങ്ങളിൽ കേന്ദ്രീകൃതമാവാം. അല്ലെങ്കിൽ സൗകര്യങ്ങളിൽ കേന്ദ്രീകൃതമാവാം.

ആ ഖുർ,ആനിക സൂക്തത്തിന്റെ പരിപ്രേക്ഷ്യത്തിൽ അദ്ദേഹം ഒരു ജീവിത ഫോർമ്മുല മെനഞ്ഞെടുത്തു– ‘പ്രശ്നങ്ങളെ അവഗണിക്കുക, സൗകര്യങ്ങളെ പ്രയോജനപ്പെടുത്തുക.’ തന്റെ മുഴു ജീവിതവും ആ സൂക്തത്തിന്റെ സാക്ഷ്യ പത്രമാണെന്ന് അദ്ദേഹം പറയാറുണ്ട്.

മൗലാനയുടെ, പഠിക്കാനുള്ള ഉൽക്കടമായ ആഗ്രഹം കുട്ടി

ക്കാലത്ത് ആരംഭിച്ചു. ഇപ്പോഴും അനുസ്യൂതം തുടരുന്നു. അമ്മാവൻ കാരണമായിട്ടാണ് മദറസയിൽ ചേർന്നതെങ്കിലും ഗവേഷണം ആരംഭിച്ചത് മൗലാനയുടെ യൗവ്വന കാലത്തെ സമകാലികരുമായുള്ള സംഭാഷണം മുഖേനെയായിരുന്നു. അദ്ദേഹം പറഞ്ഞു: "ഞാൻ വിചാരിച്ചത് എന്റെ വിദ്യാഭ്യാസം പൂർണ്ണമായിട്ടുണ്ടെന്നായിരുന്നു. ഉയർന്ന വിദ്യാസമ്പന്നരായ വ്യക്തികളോട് ആശയ വിനിമയം നടത്തിയപ്പോൾ ഞാൻ അഗാധമായ തിരിച്ചറിവിന് പാത്രീഭൂതനായി. മത വിദ്യാഭ്യാസം പൂർത്തീകരിച്ചിട്ടും ഇസ്‌ലാമിന്റെ പ്രസക്തിയെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് മറുപടി പറയാൻ ഞാൻ അശക്തനാണ്. ഉത്തരങ്ങൾ കണ്ടെത്താൻ വേണ്ടി വീണ്ടുമൊരു പുനർവ്വായന ആരംഭിച്ചു. കേവല പരിഭാഷകളിൽ നിന്നും അതിന്റെ വിശദീകരണങ്ങളിൽ നിന്നും അകന്ന് ഇസ്‌ലാമിന്റെ പ്രമാണിക പഠനങ്ങൾ അതിന്റെ തനത് ഭാഷയായ അറബിയിൽ നിന്ന് വായിക്കുകയും ശേഷം ഗഹനമായ വിചിന്തനത്തിനുവേണ്ടി ജീവിതത്തിന്റെ ഗണ്യമായ സമയം മാറ്റിവെക്കുകയും ചെയ്തു. അങ്ങനെ ഞാൻ ഇസ്‌ലാമിക വിശ്വാസത്തെ വീണ്ടും കണ്ടെത്തുകയായിരുന്നു.

എനിക്ക് ഇസ്‌ലാമിക വിശ്വാസം പരമ്പരാഗത സംസ്കാരത്തിന്റെ ഭാഗമായി ലഭിച്ചതായിരുന്നു. എന്നാൽ ഗാഢമായ പുനർപഠനത്തിന് ശേഷം പൂർണ്ണ അവബോധത്തോടെ തിരഞ്ഞെടുത്തതായിരുന്നു വിശ്വാസം. വീണ്ടും പുതുതായ് ജനിച്ച അനുഭവം പോലെ. ഇസ്‌ലാമിനെ അതിന്റെ യഥാർത്ഥ ഉറവിടത്തിൽ നിന്ന് കണ്ടെത്തിയതിന് ശേഷം ഞാൻ തിരിച്ചറിഞ്ഞത്, ഇസ്‌ലാം ആധുനിക യുഗത്തിൽ ഏറെ പ്രസക്തമാണെന്നാണ്."

മൗലാന സ്വപ്രയത്നങ്ങളാൽ ഇംഗ്ലീഷ് ഭാഷയിൽ അഗാധ പ്രാവീണ്യം നേടിക്കൊണ്ട് പാശ്ചാത്യ എഴുത്തുകാരുടെയും തത്വചിന്തകരുടെയും മഹത്തായ ഗ്രന്ഥങ്ങൾ ഗാഢമായ പഠനത്തിന് വിധേയമാക്കി. ആധുനിക മനുഷ്യ മനസ്സിനെ അഭിസംബോധന ചെയ്യുന്ന ഭാഷയിലും ശൈലിയിലും ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ അവതരിപ്പിക്കേണ്ട കാലഘട്ടത്തിന്റെ മഹത്തായ ദൗത്യത്തിലേക്ക് മൗലാനാ വഹീദുദ്ദീൻ ഖാൻ പിന്നീട് തന്റെ ജീവിതം സ്വയം സമർപ്പിക്കുകയായിരുന്നു. ആ ഗവേഷണത്തിന്റെ ഫലമായി മൗലാന ഇസ്‌ലാമിന്റെ പ്രാമാണിക ഗ്രന്ഥങ്ങളിലും ആധുനിക ശാസ്ത്ര വിജ്ഞാനത്തിലും അഗാധ പ്രാവീണ്യമുള്ള വ്യക്തി

ത്വമായി.

1955 ആണ്ടിൽ തന്റെ ആദ്യത്തെ ഗ്രന്ഥമായ ഇൽമ്മീ ജദീദ് കാ ചലജ് പ്രസിദ്ധീകരിച്ചു. ആ കൃതി ഇംഗ്ലീഷിൽ God Arises എന്ന പേരിൽ പ്രസിദ്ധീകരിപ്പെട്ടു. പിന്നീട് അറബിക്, മലായ, തുർക്കിഷ്, ഹിന്ദി, മലയാളം, സിന്ദി എന്നീ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ആധുനിക ചിന്തയിൽ ഇസ്ലാമിന്റെ സ്ഥാനം എന്നതിനുള്ള ആധികാരിക മാനദണ്ഡമായി ലോകം അതിനെ സ്വീകരിച്ചു. ആറ് അറബീ രാജ്യങ്ങളിലെ സർവ്വകലാശാലകളിലെ കരിക്കുലത്തിൽ ആ ഗ്രന്ഥം ഉൾപ്പെടുത്തിയിരിക്കുന്നു. മൗലാനയുടെ ഗവേഷണത്തിന്റെ പരമകാഷ്ഠയായിരുന്നു, അൽ ഇസ്ലാം എന്ന ഗ്രന്ഥം. ആധുനിക യുഗത്തിന് ഏറ്റവും അനുയോജ്യമായ തത്വ സംഹിതയായി ഇസ്ലാമിനെ അതിന്റെ പ്രാമാണിക ഉറവിടമായ ഖുർ,ആൻ, പ്രവാചക ചര്യ, ആതാറുസ്വഹാബ എന്നിവയിൽ നിന്ന് കണ്ടെത്തി ലേകത്തിന്റെ മുമ്പിൽ അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ ലഘു പുസ്തകമായ What is islam ലോകത്തിലെ പതിനാറ് ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

ആധുനിക ഇംഗ്ലീഷിൽ വിശുദ്ധ ഖുർ,ആന്റെ വിവർത്തനവും ഇരുന്നൂറിലേറെ ഗ്രന്ഥങ്ങളും രചിച്ച മൗലാനയുടെ സമാധാന പ്രവർത്തനങ്ങൾക്ക് നിരവധി ദേശീയ, അന്തർദ്ദേശീയ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. വിവധ രാഷ്ട്രങ്ങൾ തമ്മിലുള്ള ആണവ സംഘട്ടനങ്ങളുടെ ഭീഷണിയെ തടയിടാൻ അദ്ദേഹം നടത്തിയ കാംപെയ്ൻ ലോക സമാധാനത്തിന് ലഭിച്ച വലിയ നേട്ടമായിരുന്നു. 2002 ആണ്ടിൽ സ്വിട്സ്വർലന്റിലെ സഗ്ഗിൽ ലോക രാഷ്ട്രങ്ങളുടെ പ്രതിനിധികൾ പങ്കെടുത്ത പീസ് ഫോറത്തിൽ അണുവായുധ നിരായുധീകരണത്തിന് വേണ്ടി മൗലാന സമർപ്പിച്ച നിർദ്ദേശങ്ങൾക്ക് അന്താരാഷ്ട്ര അണുവായുധ നിരായുധീകണ സംഘടന Demiurges peace international award നല്കി ആദരിച്ചു. ആ അവാർഡ് മുൻ സോവിയറ്റ് യൂണിയൻ പ്രസിഡണ്ട് മിഖായേൽ ഗോർബ്ബച്ചേവിന്റെ രക്ഷാധികാരത്തിലുള്ളതായിരുന്നു. രാഷ്ട്രങ്ങൾ തമ്മിൽ സമാധാനാന്തരീക്ഷം നിലനിർത്താനുള്ള മൗലാനയുടെ അതുല്യമായ പ്രവർത്തന നേട്ടങ്ങൾക്കുള്ള അംഗീകാരമായിരുന്നു അത്. കൊറിയയിലെ സമാധാന സംഘടനയായ International federation for wold peace മൗലാനാ വഹീദുദ്ദീൻ ഖാന്, സമാധാ

നത്തിന്റെ അംബാസഡർ എന്ന് നാമധേയം നല്കുകയും ചെയ്തു.

ദുബായിയിലെ Forum for promoting peace in muslim societies 2015 ഏപ്രിൽ 30 തീയതി മൗലാനാ വഹീദുദ്ദീൻ ഖാന് ഇമാം അൽ ഹസൻ ഇബിനു അലി പീസ് അവാർഡ് നല്കി ആദരിച്ചു. ഫോറത്തിന്റെ ചെയർമ്മാനായ ശൈഖ് അബ്ദുല്ലാ ബിൻ ബയ്യ പറഞ്ഞു: "90 വയസ്സുള്ള മൗലാനാ വഹീദുദ്ദീൻ ഖാൻ സ്വാഹിബ് കഴിഞ്ഞ 70 വർഷങ്ങളായി ലോക സമാധാനത്തിനും സഹിഷ്ണുതക്കും വേണ്ടി അക്ഷീണമായ പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നു."

ജോർദ്ദാനിലെ റോയൽ ഇസ്‌ലാമിക് സ്ട്രാറ്റജിക് സ്ടഡീ സെന്റർ മൗലാനയെ ലോകത്തെ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയ 25 മുസ്‌ലീം ചിന്തകരിൽ ഉൾപ്പെടുത്തയിരിക്കുന്നു.

2015 സപ്തംബറിൽ അമേരിക്കയിലെ ഇസ്‌ലാമിക് സൊസൈറ്റി ഓഫ് നോർത്ത് അമേരിക്ക(ISNA) മൗലാനക്ക് Life time acheevment അവാർഡ് നല്കി ആദരിച്ചു. ISNA യുടെ പ്രസിഡണ്ട് ഡോക്ടർ സയ്യിദ് സ,ഈദ് മൗലാനയുടെ പുതിയ രണ്ട് കൃതികളായ The age of peace, Quranic wisdom എന്നിവ പ്രകാശനം ചെയ്തു.

മൗലനക്ക് നല്കപ്പെട്ട അവാർഡുകളിൽ ചിലതാണ് പത്മഭൂഷൺ, നാഷണൽ ഇന്റഗ്രേഷൻ അവാർഡ്, കമ്യൂണൽ ഹാർമ്മണി അവാർഡ്, ദി വാലിബൻ മോഹൻല്ലാൽ മെഹ്ത അവാർഡ്, നാഷണൽ അമിറ്റി അവാർഡ്, അരുണ അസഫ് അലി സദ്ഭവനാ അവാർഡ്, ദില്ലി ഗൗരവ് അവാർഡ്, ഉറുദു അക്കാദമി അവാർഡ്, മദർ തെരേസ നല്കിയ നാഷണൽ സിറ്റിസൺ അവാർഡ് എന്നിവ.

സമാധാനത്തിന്റെ പ്രചാരണത്തിനുവേണ്ടി 2001 ആണ്ടിൽ മൗലാന Centre for peace and spirituality international(CPSI) രൂപീകരിച്ചു. ഡൽഹിയിലെ തന്റെ സെന്ററിലെ ലൈവ് സെഷനിലൂടെയും വിവിധ സംപ്രേക്ഷണങ്ങളിലൂടെയും ലോക സമാധാനത്തിന്റെ സന്ദേശം കഴിഞ്ഞ ഏഴ് ദശകങ്ങളായ് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. സംഘടന ലക്ഷ്യമാക്കുന്നത് ആത്മീയതയിലൂന്നിയ സമാധാനത്തിന്റെ സംസ്കാരമാണ്. സെന്റർ വളരെ സജീവമായി പരസ്പര സംഭാഷണങ്ങളിലുടെ ദേശീയ, അന്തർദ്ദേശീയ അഖണ്ഡതക്കുവേണ്ടി യത്നിച്ചുകൊണ്ടിരിക്കുന്നു.

മൗലാന ദർശ്ശിക്കുന്നത് സമാധാനത്തിന്റെ ലോകത്തെയാണ്. ധനാത്മക(പോസറ്റീവ്) മനോഭാവമുള്ള ഒരുപറ്റം വ്യക്തികൾക്ക് സമാധാന സംസ്കാരമുള്ള സമൂഹത്തെ സൃഷ്ടിക്കാൻ സാധിക്കുമെന്നുള്ളത് മൗലാനയുടെ ഉൽക്കടമായ വിശ്വാസമാണ്. "ഇത്തരം അവസ്ഥ സംജാതമാകണമെങ്കിൽ മനുഷ്യ മനസ്സിനെ പോസറ്റീവ് ചിന്തയിലേക്ക് വികസിപ്പിക്കണം. അതിനുവേണ്ടി നാം മനസ്സിനെ പുനർ നിർമ്മാണത്തിനും പുനർ വ്യവസ്ഥിതിക്കും വിധേയമാക്കണം." — മൗലാന പറഞ്ഞു.

വിശ്വ പ്രസിദ്ധ സമാധാന പ്രവർത്തകരായ ഗാന്ധിജി, നൽസ്സൺ മണ്ടേല, ദലൈലാമ തുടങ്ങിയവരെപ്പോലെ മൗലാനാ വഹീദുദ്ദീൻ ഖാൻ ഉന്നത ജ്ഞാനം കൊണ്ടും കാര്യ ഗ്രഹണ ശക്തി കൊണ്ടും ആത്മീയതയെയും സമാധാനത്തെയും സംബന്ധിച്ച് ടൈംസ് ഓഫ് ഇന്ത്യയുടെ സ്പീക്കിങ് ട്രീ പംക്തിയിൽ വർഷങ്ങളായി എഴുതിക്കൊണ്ടിരിക്കുന്നു.

ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്ന് എഴുപതുവർഷങ്ങളായിട്ട് മൗലാന എഴുത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയും സ്ഥാപിച്ചു. ആധുനിക മനസ്സിനെ അഭിമുഖീകരിക്കുന്ന ശൈലിയിലും ഭാഷയിലും ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ സമ്പൂർണ്ണമായി അവതരിപ്പിച്ചു. കാലഘട്ടത്തിന്റെ മഹാ ദൗത്യം അതിലൂടെ മൗലാന നിർവ്വഹിക്കുകയായിരുന്നു.

# സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതി

# അധ്യായങ്ങൾ

1. സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതി ........ 13

2. ഇസ്‌ലാമിനെ കണ്ടെത്തൽ ........ 22

3. എന്തുകൊണ്ട് ഇസ്‌ലാം മാത്രം? ........ 25

4. പ്രവാചക വീക്ഷണം ........ 28

5. ആത്മാവും രൂപവും തമ്മിലുള്ള വേർപ്പിരിയൽ ........ 30

6. മതത്തിന്റെ സാമുദായികവത്കരണം ........ 32

7. വ്യാഖ്യാനത്തിന്റെ മുഖപടം ........ 34

8. ചരിത്രപരമായ പ്രൗഢിയെ സംബന്ധിച്ച ബോധം ........ 37

പരമ കാരുണ്യവാനായ അല്ലാഹുവിന്റെ നാമത്തിൽ

# സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതി

പ്രശസ്ത ചരിത്രകാരനായ എഡ്വർഡ് ഗിബ്ബൻ നിരീക്ഷിക്കുന്നു: "മനുഷ്യ ചരിത്രമെന്നാൽ മാനവികതയുടെ കുറ്റകൃത്യങ്ങളുടെയും അബദ്ധങ്ങളുടെയും ദൗർഭാഗ്യങ്ങളുടെയും രേഖയിൽ കൂടുതലൊന്നുമല്ല."

മറ്റ് ചരിത്രകാരന്മാരും സമാനമായ അഭിപ്രായങ്ങളിലേക്ക് എത്തിച്ചേർന്നിട്ടുണ്ട്. കാരണം, ദാർശ്ശനികന്മാർ വിഭാവനം ചെയ്യുന്ന മൂല്യവത്തായ നിലനില്പ് മനുഷ്യ സമൂഹത്തിലൊരിടത്തും പ്രതിഫലിച്ചുകാണുന്നില്ല. മനുഷ്യ ചരിത്രത്തെക്കുറിച്ച് ആഴത്തിൽ പഠനം നടത്തിയ ഓറിയന്റലിസ്ടുകൾ പറയുന്നത് എന്തെന്നാൽ, ആദർശ്ശ സമൂഹത്തെ നേടിയെടുക്കുന്ന കാര്യത്തിലുള്ള മാനുഷിക പരാജയത്തിന്റെ വിഷയത്തിൽ ഇസ്ലാമിക ചരിത്രവും ഏറെ വ്യത്യസ്തമൊന്നുമല്ലെന്നാണ്.

സുവർണ്ണ യുഗമായി കണക്കാക്കപ്പെടുന്ന, ഇസ്ലാമിക ചരിത്രത്തിന്റെ ആദ്യ ഘട്ടം ഇതര ഘട്ടങ്ങളെക്കാൾ നല്ല ഒരു ചരിത്രം നല്കുന്നുവെങ്കിലും അതും ആദർശ്ശ പൂർണ്ണതയിലേക്ക് എത്തിച്ചേരുന്നതിൽ പരാജയപ്പെടുന്നുവെന്ന് ഓറിയന്റലിസ്ടുകൾ പറയുന്നു. പ്രവാചകന്റെ ജീവിത കാലത്ത് കപട വിശ്വാസികൾ സമൂഹത്തിന്റെ ഉള്ളിൽ നിന്നും ജൂതരും വിഗ്രഹാരാധകരും പുറത്തുനിന്നും നടത്തിയ ശത്രുതാ പരമായ പ്രവർത്തനങ്ങൾ നിമിത്തം പ്രവാചകന്റെ നഗരമായ മദീനയെ ശാന്തിയുടെ ഒരു പ്രദേശമായി

മാറ്റാൻ സാധിച്ചില്ല. പ്രവാചകന്റെ മരണ ശേഷം അബൂബക്കർ സിദ്ദീഖ്(റ) ആദ്യത്തെ ഖലീഫയായി നിയോഗിക്കപ്പെട്ടപ്പോൾ അറബീ ഗോത്രങ്ങൾ കലാപത്തിനൊരുങ്ങി. ബലപ്രയോഗത്തിലൂടെ മാത്രമെ അവരെ തിരിച്ച് ഇസ്‌ലാമിന്റെ പരിധിയിലേക്ക് കൊണ്ടുവരാനായുള്ളു.

തുടർന്ന് എല്ലാ കാലഘട്ടത്തിലും ദൗർഭാഗ്യകരമായ സംഭവ വികാസങ്ങൾ ആദർശ്ശ പൂർണ്ണമായ സമൂഹത്തിന്റെ സൃഷ്ടിപ്പിന് നിരന്തരം വിഘാതമായി വർത്തിച്ചു. രണ്ടാം ഖലീഫയായ ഉമർ അൽ ഫാറൂഖിന്റെ(റ) കാലത്ത് ഇസ്‌ലാമിനെ നശിപ്പിക്കാനായ് പ്രവർത്തിച്ച മദീനയിലെ ഒരു രഹസ്യ സംഘം ഖലീഫയെ വധിക്കുന്നതിൽ വിജയിച്ചു. തുടർന്നുള്ള കാലത്ത് പരസ്യമായ എതിർപ്പുകൾ പ്രകടമായി. അങ്ങനെ മൂന്നാമത്തെ ഖലീഫയും പരസ്യമായി വധിക്കപ്പെട്ടു. നാലാം ഖലീഫയായ അലി(റ)യുടെ ഭരണ കാലത്ത് ആയിരങ്ങൾ കൊല്ലപ്പെട്ട കലാപങ്ങൾ ഉണ്ടാവുകയും ഖലീഫതന്നെ രക്തസാക്ഷിയാവുകയും ചെയ്തു.

സംഭവങ്ങൾ അങ്ങനെയൊക്കെ ആണെന്നിരിക്കെ, മനുഷ്യ ചരിത്രത്തെക്കുറിച്ച് ചിന്തകന്മാരും ദാർശ്ശനികരും എല്ലാ കാലത്തും അശുഭാപ്തി വിശ്വാസം കലർന്ന കാഴ്ചപ്പാടുകളാണ് വെച്ചുപുലർത്തിയത്. അവരുടെ അഭിപ്രായത്തിൽ അത് ആദർശ്ശ പൂർണ്ണമായ മനുഷ്യ സമൂഹത്തിന്റെ സൃഷ്ടിപ്പ് അസാധ്യമാണെന്ന് തെളിയിക്കുന്നുണ്ടത്രെ.

ചരിത്രത്തെ സംബന്ധിച്ച ആ അശുഭാപ്തി വിശ്വാസത്തിന്റെ കാരണം ചരിത്രത്തിൽത്തന്നെ നിലകൊള്ളുന്നതല്ല, മറിച്ച് അതിനോടുള്ള നമ്മുടെ വികലമായ സമീപനത്തിലാണ് നിലകൊള്ളുന്നത്. നമ്മുടെ ചരിത്ര പഠനത്തിന്റെ മാനദണ്ഡം ശരിയായതല്ല. കാരണം, അത് മനുഷ്യരാൽത്തന്നെ രൂപപ്പെടുത്തപ്പെട്ടതാണല്ലോ. മനുഷ്യ ചരിത്രത്തെ പഠിക്കാൻ സാധുവായ ഒരു മാനദണ്ഡം സ്രഷ്ടാവുതന്നെ നല്കിയത് മാത്രമാണ്. അത് മനസ്സിലാക്കാനുള്ള ശരിയായ വഴി സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതിയെ കണ്ടെത്തുക എന്നതും അതിന്റെ ചട്ടക്കൂടിൽ ചരിത്രത്തെ പഠിക്കാൻ ശ്രമിക്കുക എന്നതുമാണ്.

ഖുർ,ആനിന്റെ പഠനത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്, മനുഷ്യ സമൂഹത്തെക്കുറിച്ച് ശരിയാം വണ്ണം തിരിച്ചറിയുന്നതിനുവേണ്ടി ആവശ്യമായ കേന്ദ്ര ആശയം ആദർശ്ശ

സമൂഹം എന്നതല്ല; മറിച്ച്, മനുഷ്യ സ്വാതന്ത്ര്യം എന്നതാണെന്നാണ്. മനുഷ്യർക്ക് ആശയ പ്രകാശനത്തിനും പ്രവർത്തനത്തിനും ഉള്ള പൂർണ്ണ സ്വാതന്ത്ര്യം ഈ ജീവിതത്തിൽ നല്കപ്പെട്ടിരിക്കുന്നു. കാരണം, അവരെ പടച്ചവൻ ഈ ലോകത്ത് വെച്ചത് പരീക്ഷിക്കാൻ വേണ്ടിയാണ്. ആ പരീക്ഷണത്തിന്റെ ഒരു മുന്നുപാധിയെന്നോണം മനുഷ്യന് പടച്ചവനെ നിഷേധിക്കാനും പ്രവാചകന്മാരെ വധിക്കാനും സത്യന്റെ ദൂതന്മാരെ എതിർക്കാനുമുള്ള സ്വാതന്ത്ര്യം നല്കപ്പെട്ടിട്ടുണ്ട്. കാര്യങ്ങൾ അങ്ങനെയാണെന്നിരിക്കെ, ആദർശ്ശ പൂർണ്ണമായ ഒരു സമൂഹത്തെ നിലവിൽ കൊണ്ടുവരണമെങ്കിൽ മനുഷ്യ സ്വാതന്ത്ര്യത്തെ പൂർണ്ണമായും പിൻവ്വലിക്കേണ്ടിവരും. എന്നാൽ പടച്ചവനാകട്ടെ അവന്റെ സൃഷ്ടിപദ്ധതീ പ്രകാരം മനുഷ്യ സ്വാതന്ത്ര്യത്തെ യാതൊരു സാഹചര്യത്തിലും റദ്ദാക്കുകയില്ലതന്നെ. ഭൂമിയിലുള്ള മനുഷ്യാസ്തിത്വത്തിന്റെ പ്രത്യേക സ്വഭാവത്തെ ഖുർ,ആൻ വിശദീകരിക്കുന്നു:

“ആകാശ ഭൂമികളുടെയും പർവ്വതങ്ങളുടെയും മുമ്പിൽ നാം ഈ അമാനത്ത് (ചുമതല ഭാരം) വെച്ചു. അപ്പോൾ അതേറ്റെടുക്കാൻ അവ സന്നദ്ധമായില്ല. അവയതിനെ ഭയപ്പെട്ടു. പക്ഷെ, മനുഷ്യൻ അതേറ്റെടുത്തു. അവൻ മഹാ അക്രമിയും അവിവേകിയും തന്നെ. ഈ ഉത്തരവാദിത്വ ഭാരം ഏറ്റെടുത്തതിന്റെ അനിവാര്യ ഫലമായി കപട വിശ്വാസികളായ സ്ത്രീപുരുഷന്മാരെയും ബഹുദൈവാരാധകരായ സ്ത്രീപുരുഷന്മാരെയും അല്ലാഹു ശിക്ഷിക്കാനും സത്യവിശ്വാസികളായ സ്ത്രീപുരുഷന്മാരുടെ പശ്ചാത്താപം സ്വീകരിക്കാനും. അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാവാരിധിയുമാകുന്നു (33: 72, 73).

ഖുർ,ആനിലെ ഇതര സൂക്തങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്, പടച്ചവന്റെ സൃഷ്ടിപദ്ധതീ പ്രകാരം പ്രാധാന്യമർഹിക്കുന്നത് ആദർശ്ശ സമൂഹത്തിന്റെ സൃഷ്ടിപ്പല്ല; മറിച്ച്, ആദർശ്ശ വ്യക്തിത്വങ്ങളുടേതാണെന്നാണ് (67: 2). ആദർശ്ശ മനുഷ്യ സമൂഹം അതിനാൽത്തന്നെ നിലവിൽ വരിക ഈ ലോകത്തല്ല; മറിച്ച്, പരലോകത്താണ്. അതിനെ ഖുർ,ആൻ ദാറുസ്സലാം (സമാധാനത്തിന്റെ ഗേഹം) എന്നുവിളിക്കുന്നു. ഈ ലോകത്ത് ആദർശ്ശ സമൂഹത്തിന്റെ സൃഷ്ടിപ്പിനുള്ള യഥാർത്ഥ തടസ്സം അതിക്രമകാരികളായ ആളുകളുടെ സാന്നിധ്യമാണ്. എന്നാൽ, പരലോകത്തെ സ്വർഗ്ഗീയ സമൂഹത്തിൽ അത്തരം ദുഷ്കർമ്മകാരികൾ നല്ല മനുഷ്യരിൽ നിന്ന് വേർത്തിരിക്കപ്പെടും. അങ്ങനെ സ്വർഗ്ഗീയ സമൂ

ഹത്തിൽ നല്ലവർ മാത്രമെ ഉണ്ടാവുകയുള്ളു. സ്വർഗ്ഗത്തിൽ മാത്രമെ, അതിനാൽ ആദർശ്ശ സമൂഹത്തെ സൃഷ്ടിക്കാനാവൂ.

മതേതര ദാർശ്ശനികരുടെ ചിന്തയിലെ വൈകല്യം ഉത്ഭവിക്കുന്നതുതന്നെ ഈ ലോകത്ത് ആദർശ്ശ പൂർണ്ണമായ ഒരു സമൂഹത്തെ സൃഷ്ടിക്കാനുള്ള തങ്ങളുടെ ആഗ്രഹത്തിൽ നിന്നാണ്. അത്തരത്തിലുള്ള ഒരു സമൂഹമാകട്ടെ, പടച്ചവന്റെ പദ്ധതീ പ്രകാരം പരലോകത്ത് മാത്രമെ യാഥാർഥ്യമാകുകയുള്ളു. ആദർശ്ശ പൂർണ്ണമായ ഒരു സമൂഹത്തിന്റെ ആവിർഭാവത്തിന് മുമ്പിലുള്ള ഏറ്റവും വലിയ തടസ്സം മനുഷ്യ സ്വാതന്ത്ര്യമാണ്. എന്നാൽ, മാനവികതയുടെ മേലുള്ള പടച്ചവന്റെ പരീക്ഷണത്തിന്റെ താത്പര്യങ്ങൾ നിമിത്തം മനുഷ്യ സ്വാതന്ത്ര്യം എന്നത് ഒരിക്കലും ഈ ലോകത്തുനിന്ന് എടുത്തുമാറ്റാൻ പാടില്ല. ആദർശ്ശ പൂർണ്ണ സമൂഹം എന്നത് അതിനാൽത്തന്നെ ഒരു വിദൂര സ്വപ്നം മാത്രമായി നിലകൊള്ളും.

ഖുർ,ആൻ പ്രകാരം, സത്യമെന്നത് ഈ ലോകത്ത് പൂർണ്ണമായും അവതരിക്കപ്പെട്ടിരിക്കുന്നു; ഇനി അതിൽ വിശ്വസിക്കുകയോ അതിനെ നിഷേധിക്കുകയോ എന്നത് മനുഷ്യന്റെ ബാധ്യതയാണ് (18: 29).

മറ്റൊരു സ്ഥലത്ത് ഖുർ,ആൻ പറയുന്നു: “(മാർഗ്ഗങ്ങളിൽ വക്രമായതും ഉണ്ടായിരിക്കെ) നേർമ്മാർഗ്ഗം കാണിച്ചുകൊടുക്കുക അല്ലാഹുവിന്റെ ചുമതലയാകുന്നു. അവൻ ഇച്ഛിച്ചിരുന്നുവെങ്കിൽ നിങ്ങളെയെല്ലാംതന്നെ അവൻ സന്മാർഗ്ഗത്തിലാക്കുമായിരുന്നു.” (16: 9).

ഖുർ,ആൻ ഇങ്ങനെയും നിരീക്ഷിക്കുന്നു: “നിസ്സംശയം, താങ്കളുടെ റബ്ബ് ഇച്ഛിച്ചിരുന്നുവെങ്കിൽ അഖില മാനവരെയും ഒരൊറ്റ സമുദായമാക്കാൻ കഴിയുമായിരുന്നു. പക്ഷെ, അവർ ഭിന്ന മാർഗ്ഗങ്ങളിലൂടെത്തന്നെ ചലിച്ചുകൊണ്ടിരുന്നു. താങ്കളുടെ നാഥന്റെ കാരുണ്യം സിദ്ധിച്ചവർ മാത്രമെ ദുർമ്മാർഗ്ഗങ്ങളിൽ നിന്ന് മുക്തരാകുകയുള്ളു. അതിന് (ഇഷ്ടമുള്ളത് തിരഞ്ഞെടുക്കുവാനും പരീക്ഷിക്കപ്പെടാനും) വേണ്ടിത്തന്നെയാകുന്നു അവൻ അവരെ സൃഷ്ടിച്ചത്. ജിന്നുവംശത്താലും മനുഷ്യ വംശത്താലും ഒക്കെത്തന്നെ ഞാൻ നരകത്തെ നിറക്കുന്നതാണെന്ന താങ്കളുടെ റബ്ബിന്റെ വചനം പൂർത്തിയായിരിക്കുന്നു.” (11: 118, 119).

മനുഷ്യന് തന്റെ സ്രഷ്ടാവ് നല്കിയ ആ സ്വാതന്ത്ര്യം നിമി

ത്തമാണ് എല്ലാ വശങ്ങളിലും സമാനത വെച്ചുപുലർത്തുന്ന ഒരു സമൂഹത്തെ ചരിത്രത്തിൽ സൃഷ്ടിക്കാൻ സാധിക്കാതെപോയത്. ഒരു സമൂഹത്തിൽ സച്ചരിതരുണ്ടെങ്കിൽ ദുർമ്മാർഗ്ഗികളുമുണ്ടാകും. അനർഹർ എല്ലാ കാലത്തും കുഴപ്പങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രവാചകന്മാരാൽ സ്ഥാപിക്കപ്പെട്ട സമൂഹങ്ങളും അതിന് അപവാദമല്ല. അതുകൊണ്ടാണ് ഈ ലോകത്ത് നല്ല വ്യക്തികൾ ഉണ്ടായിരിക്കെത്തന്നെ ഒരു നല്ല സമൂഹം സാധ്യമാവാത്തത്.

അത് വെറും തിന്മയുടെയോ എന്തെങ്കിലും കുറവിന്റെയോ പ്രശ്നമല്ല. യാഥാർഥ്യമെന്തെന്നാൽ, സമൂഹത്തിൽ കുഴപ്പത്തിന്റെ നിരന്തരമായ ആവർത്തനം സൃഷ്ടിപദ്ധതിയുടെ ആവിഷ്കാരത്തിന് ആവശ്യമാണ്. കാരണം, ഏറ്റവും നല്ല ഗുണമുള്ള മനുഷ്യർ സൃഷ്ടിക്കപ്പെടുന്നത് അനുകൂല സാഹചര്യങ്ങളെക്കാൾ പ്രതികൂല സാഹചര്യങ്ങളിലാണ്.

അധ്വാനവും പ്രയാസവും നിറഞ്ഞ ഒരു അസ്തിത്വത്തിലേക്കാണ് മനുഷ്യൻ ജനിച്ചുവീഴുന്നതെന്ന് ഖുർ,ആനിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു (90: 4). മനുഷ്യ സമൂഹത്തെ അഭിസംബോധന ചെയ്ത് ഖുർ,ആൻ പറയുന്നു: “ഇറങ്ങിപ്പോവുക, നിങ്ങൾ പരസ്പരം ശത്രുക്കളാകുന്നു.” (7: 24).

ഈ ലോകത്ത് അന്ത്യനാൾ വരുന്നതുവരെ പ്രയാസങ്ങളും എതിർപ്പുകളും ശത്രുതയും നിറഞ്ഞ ഒരു ജീവിതം നയിക്കുക എന്നതല്ലാതെ മനുഷ്യന് വേറെ വഴിയില്ല.

ആ മാനുഷികാവസ്ഥ യാദൃച്ഛികമായി നിലവിൽ വന്നതല്ല. അത് പൂർണ്ണമായും പടച്ചവന്റെ പദ്ധതീ പ്രകാരം തന്നെയാണ്. പടച്ചവൻ ഈ ലോകത്തെ സൃഷ്ടിച്ചതുതന്നെ സ്വർഗ്ഗത്തിൽ വസിക്കുവാൻ കെല്പുള്ള വ്യക്തികളെ തിരഞ്ഞെടുക്കാൻ വേണ്ടിയാണ്. പറുദീസക്ക് അർഹതയുള്ള അത്തരം വ്യക്തികൾ സൃഷ്ടിക്കപ്പെടുന്നത് സാധാരണ സാഹചര്യങ്ങളെക്കാൾ അസാധാരണ സാഹചര്യങ്ങളിലാണ്. മനുഷ്യർ അതിനാൽത്തന്നെ അത്തരത്തിലുള്ള ഒരു തിരഞ്ഞെടുപ്പിന് അർഹരായ ആളുകളെ സൃഷ്ടിക്കാനുതകുന്ന തരത്തിലുള്ള പ്രതികൂല സാഹചര്യങ്ങളെ അഭിമുഖീകരിച്ചുകൊണ്ടുതന്നെയിരിക്കും.

ഖുർ,ആൻ പറയുന്നു: “ജനങ്ങൾ ധരിച്ചുവെച്ചിരിക്കുകയാണോ, തങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്ന് പറയുന്നതുകൊണ്ട്

മാത്രം അവർ വിട്ടയക്കപ്പെടുമെന്നും പരീക്ഷണ വിധേയരാവുക യില്ലെന്നും? എന്നാൽ, അവർക്കുമുമ്പ് കഴിഞ്ഞുപോയ സകല ജന ങ്ങളെയും നാം പരീക്ഷിച്ചിട്ടുണ്ട്. സത്യവാന്മാരാരെന്നും വ്യാജ ന്മാരാരെന്നും അല്ലാഹുവിന് തീർച്ചയായും കണ്ടറിയേണ്ടതുണ്ട്." (29: 1 – 3).

അതേ പോലെ തന്നെ ഖുർ,ആൻ പറയുന്നു: "അല്ല, നിങ്ങൾ സ്വർഗ്ഗത്തിലേക്ക് പ്രവേശിച്ചുകളയാമെന്ന് വിചാരിക്കുകയാണോ, നിങ്ങളുടെ മുൻഗ്ഗാമികളായ സത്യവിശ്വാസികളെ ബാധിച്ചതൊന്നും നിങ്ങളെ ബാധിച്ചുകഴിഞ്ഞിട്ടില്ലെന്നിരിക്കെ, പീഡകളും വിപത്തു കളും അവരെ ബാധിച്ചു. അതതുകാലത്തെ ദൈവ ദൂതനും കൂടെ യുള്ള വിശ്വാസികളും, ദൈവ സഹായം എപ്പോഴാണ് വന്നെത്തുക യെന്ന് വിലപിക്കുവോളം അവർ വിറപ്പിക്കപ്പെടുകയും ചെയ്തിട്ടു ണ്ട്. (തത്സമയം അവർ സാന്ത്വനമരുളപ്പെട്ടു.) അറിയുക: അല്ലാ ഹുവിന്റെ സഹായം ആസന്നമായിരിക്കുന്നു. (2: 214).

അതേപോലെത്തന്നെ മറ്റൊരു സൂക്തമുണ്ട്: "അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള സമരത്തിൽ ജീവാർപ്പണം ചെയ്യുന്നവർ ആരെന്നും അല്ലാഹുവിനുവേണ്ടി ക്ഷമിക്കുന്നവർ ആരെന്നും അല്ലാഹു ഇനിയും കണ്ടുകഴിഞ്ഞിട്ടില്ലെന്നിരിക്കെ എളുപ്പത്തിൽ നിങ്ങൾക്ക് സ്വർഗ്ഗത്തിൽ പോയിക്കളയാമെന്ന് വിചാരിക്കുകയാണോ?" (3: 142)

വീണ്ടും ഖുർ,ആൻ മുസ്ലീങ്ങളെ അഭിസംബോധന ചെയ്യുന്നു: "നിങ്ങൾ വെറുതെ വിട്ടയക്കപ്പെടുമെന്ന് ധരിച്ചുവെച്ചി രിക്കുകയാണോ, നിങ്ങളിൽ ദൈവിക സരണിയിൽ സമരം ചെയ്യു ന്നവരും അല്ലാഹുവിനെയും അവന്റെ ദൂതനെയും വിശ്വാസികളെ യുമല്ലാതെ മറ്റാരെയും ആത്മ മിത്രമായി സ്വീകരിക്കാത്തവരും ആരെന്ന് അല്ലാഹു ഇനിയും തിരിച്ചറിഞ്ഞിട്ടില്ലെന്നിരിക്കെ? നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്തോ, അല്ലാഹു അതേക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനാകുന്നു." (9: 14).

സത്യമെന്തെന്നാൽ, ഈ ലോകത്ത് പടച്ചവൻ താത്പര്യപ്പെ ടുന്നത് ആദർശ്ശ സമൂഹത്തെയല്ല, ആദർശ്ശ വ്യക്തിയെയാണ്. അത്തരത്തിലുള്ള ഒരു വ്യക്തി സൃഷ്ടിക്കപ്പെടുന്നത് തീക്ഷണമായ പരീക്ഷണ സാഹചര്യങ്ങളിൽ നിന്നാണ് (33: 11). അല്ലാതെ സാധാ രണ സമാധാന പൂർണ്ണമായ അവസ്ഥകളിൽ നിന്നല്ലെന്ന് നമുക്ക് ഖുർ,ആനിൽ നിന്ന് പഠിക്കാൻ സാധിക്കുന്നു.

സിദ്ധാന്തങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും കൊടും കാടിന് മധ്യേ പെട്ടിട്ടുപോലും സത്യത്തെ തിരിച്ചറിഞ്ഞ് അതിനോട് ചേർന്നുനിൽക്കാൻ പണിപ്പെടുന്നവരെ പടച്ചവൻ ഇഷ്ടപ്പെടുന്നു. തീക്ഷണമായ പ്രശ്നങ്ങളെയും ഗുരുതരമായ പ്രതികൂലാവസ്ഥക ളെയും അഭിമുഖീകരിക്കുമ്പോൾ പോലും വിശ്വാസം അചഞ്ചല മായിരിക്കുന്നവരെയും, സർവ്വ വിധത്തിലുള്ള പീഡനങ്ങൾക്ക് ഇര യാവുമ്പോൾപ്പോലും നിഷേധാത്മക വികാരങ്ങൾ സ്വാധീനിക്കാത്ത ഹൃദയമുള്ളവരെയും, ദുരന്തത്താൽ ഭീഷണിപ്പെടുത്തപ്പെടു മ്പോൾപ്പോലും ഹൃദയ സാന്നിധ്യം നഷ്ടപ്പെടാതെ അത് തങ്ങ ളുടെ ചിന്താപരമായ വികാസത്തിലേക്ക് നയിക്കുന്നവരെയും, നേരായ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിപ്പിക്കാൻ പോന്ന അനിഷ്ട സംഭവങ്ങളെ അഭിമുഖീകരിക്കുമ്പോൾപ്പോലും പടച്ചവനിലുള്ള വിശ്വാസത്തിൽ അചഞ്ചലമായി നിലകൊള്ളുകയും പടച്ചവനുമായി അടുപ്പിക്കുന്ന ആത്മീയമായ ഉണർച്ച സ്വന്തം ഹൃദയങ്ങളിൽ അനു ഭവിക്കുകയും ചെയ്യുന്നവരെയും അവൻ സ്വീകാര്യതയോടെ വീക്ഷി ക്കുന്നു.

പടച്ചവൻ ഏറ്റവും ഇഷ്ടപ്പെടുന്ന മനുഷ്യൻ വിശുദ്ധവും ആദർശ്ശ പൂർണ്ണവുമായ പറുദീസയുടെ ലോകത്ത് വസിക്കാൻ യോഗ്യതയുള്ള ആളാണ്. അത്തരത്തിലുള്ള ഒരു വ്യക്തി അപൂർവ്വ ത്തിൽ അപൂർവ്വമായ ഒരു പ്രതിഭാസവും, പ്രപഞ്ചത്തിലെ മഹത്ത രമായതിനെക്കാളെല്ലാം മഹത്വമുള്ളതുമാണ്. അങ്ങനെയുള്ള ഒരു മനുഷ്യന് ഒരു പുതിയ ജന്മം ലഭിക്കുന്നു. അയാൾ ജനിച്ചുവീഴു ന്നത് സമാധാനപരമായ സാഹചര്യങ്ങളിലേക്കല്ല, വമ്പിച്ച കുഴപ്പ ത്തിലും സംഘർഷത്തിലുമാണ്. അയാൾ ഈ ലോകത്തിന്റെ അന്ധകാരത്തെ അഭിമുഖീകരിക്കുന്നു. അങ്ങനെ അയാൾക്ക് പര ലോകത്തിന്റെ ശാശ്വത വെളിച്ചത്തിൽ ജീവിക്കാനാവുന്നു. അയാൾ ഈ ജീവിതത്തിൽ മുള്ളുനിറഞ്ഞ ഒരു പാതയിലൂടെ സഞ്ചരിക്കു ന്നു. അങ്ങനെ അയാൾക്ക് മരണാനന്തര ജീവിതത്തിൽ പുഷ്പ സൗരഭ്യം നിറഞ്ഞ ഒരു അവസ്ഥയെ ആസ്വദിക്കാനാവുന്നു. ഇവിടം അയാൾക്ക് നഷ്ടമാവുന്നു. എന്നാൽ, പരലോകത്ത് വീണ്ടെടു പ്പിന്റെ ആഹ്ലാദങ്ങളാൽ അയാൾ അനുഗ്രഹീതനാകുന്നു. ഈ ലോകത്ത് സുഖ സൗകര്യങ്ങളുടെ നഷ്ടത്തെ ക്ഷമാപൂർവ്വം സഹി ക്കുന്നതിലൂടെ ശാശ്വത പറുദീസയിൽ സ്വർഗ്ഗീയ സുഖത്തിന് അയാൾ അർഹനാകുന്നു.

അത്തരത്തിലുള്ള ഒരാൾ ശുദ്ധ ശൂന്യതയിൽ നിന്ന് ഉളവാകുന്നതല്ല. സമൂഹത്തിന്റെ സാധാരണ അന്തരീക്ഷത്തിൽ - സമൂഹം എത്രത്തോളം ആദർശ്ശ പൂർണ്ണമായാലും ശരി - അയാൾക്ക് വികസിക്കാനാവില്ല. പ്രതികൂലാവസ്ഥകളുടെ കൊടുംകാട്ടിൽ മാത്രമെ അത്തരത്തിലുള്ള ഒരു ആത്മാവിന് ആവിർഭവിക്കാനാവൂ. മറ്റൊരു വളർത്തുകേന്ദ്രം അതിന് സാധ്യമല്ല.

ദാർശ്ശനികർ, സാമൂഹിക തിന്മയെന്ന് വിശേഷിപ്പിക്കുന്നത് ഉന്നതമായ ധാർമ്മിക, ആത്മീയ വ്യക്തിത്വമുള്ള മുനുഷ്യരെ സൃഷ്ടിക്കാൻ വേണ്ടി സ്രഷ്ടാവ് രൂപപ്പെടുത്തിയ പരിശീലന കേന്ദ്രത്തെയാണ്. അതുകൊണ്ടാണ് മനുഷ്യ ചരിത്രത്തിന്റെ എല്ലാ ഘട്ടങ്ങളിലും മാനവികതക്ക് എല്ലാ തരത്തിലുമുള്ള കുഴപ്പങ്ങളെയും സംഘർഷങ്ങളെയും അഭിമുഖീകരിക്കേണ്ടിവന്നത്. യഥാർത്ഥ വിശ്വാസികളും പുണ്യവാന്മാരും, വിശിഷ്യാ പ്രവാചകന്മാരും പ്രതികൂല സാഹചര്യങ്ങളിലാണ് തങ്ങളെത്തന്നെ കണ്ടെത്തിയത്. അതുമായി ബന്ധപ്പെട്ട് ഒരു ഹദീസ് ഉണ്ട്: “പടച്ചവൻ ഒരു ജനതയെ സ്നേഹിച്ചാൽ അവരെ പരീക്ഷണത്തിന് വിധേയമാക്കുന്നു.”

പ്രതികൂല സാഹചര്യങ്ങൾ എന്നത് മുസ്ലീമേതര സമൂഹങ്ങൾക്ക് മാത്രം ബാധകമായുള്ളതല്ല. ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ അവ മുസ്ലീം സമൂഹങ്ങൾക്കും ബാധകമാണ്. പ്രാചീന കാലഘട്ടങ്ങളിൽ പ്രവാചകന്മാർ ജനിച്ചുവീണത് വിഗ്രഹാരാധകർക്കും നിഷേധികൾക്കും ഇടയിലാണ്. സമകാലികരാൽ കടുത്ത മർദ്ദനങ്ങൾക്ക് അവർ ഇരയായി. ഒരു വേദ സമൂഹമായ ജൂതന്മാരിലേക്ക് നിയോഗിക്കപ്പെട്ടിട്ടുപോലും മൂസാ(അ) മാനസിക പീഡനത്താലും ശാരീരിക മർദ്ദനങ്ങളാലും ഭീഷണിപ്പെടുത്തപ്പെട്ടുവെന്ന് ഖുർ,ആനിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു (33: 69).

ശരിയാംവണ്ണം ക്രമീകരിക്കപ്പെട്ട ഒരു രാഷ്ട്രത്തെ പ്രവാചകൻ മുഹമ്മദ്(സ) അറേബ്യയിൽ സ്ഥാപിച്ചു. പിൽക്കാലത്ത് അത് ഖിലാഫത്തുറാശിദ് എന്നറിയപ്പെട്ടു. നേർമ്മാർഗ്ഗം പ്രാപിച്ച നാലു ഖലീഫമാർ ഒരാൾക്കുപിറകെ മറ്റൊരാളായി അത് ഭരിച്ചു. എന്നാൽ, ഇസ്ലാമിന്റെ ആദർശ്ശ പൂർണ്ണമായ ആ കാലഘട്ടത്തിൽ പോലും രാഷ്ട്രത്തിന് നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നു. ഇസ്ലാമിക രാഷ്ട്രത്തിന്റെ ഒരു ഘട്ടത്തിൽ പോലും മുസ്ലീങ്ങൾക്ക് തങ്ങളുടെ ജീവിതം പൂർണ്ണ സമാധാനത്തിലും സാധാര

ണത്വത്തിലും നയിക്കാൻ സാധിച്ചിട്ടില്ല.

അത് ഇസ്‌ലാമിക രാഷ്ട്രത്തിന്റെ പോരായ്മ കാരണമല്ല; മറിച്ച്, മനുഷ്യരുടെ ധാർമ്മിക ശിക്ഷണത്തിന് പടച്ചവൻ നിശ്ച യിച്ച പരിശീലന പദ്ധതിയുടെ താത്പര്യങ്ങൾക്കനുസരിച്ചാണ്. ആദർശ്ശ പൂർണ്ണമായ സമൂഹം ഈ ലോകത്ത് രൂപപ്പെടുകയെന്നത് പടച്ചവന്റെ പദ്ധതിയിൽ പെട്ടതല്ല. പടച്ചവന്റെ തീരുമാനപ്രകാരം പ്രധാനമായത് വ്യക്തികളുടെ പരിശീലനമാണ്. അത് നടക്കുക ശാന്തിയുടെയും സ്വാസ്ഥ്യത്തിന്റെയും അന്തരീക്ഷത്തിലല്ല; മറിച്ച്, കുഴപ്പത്തിന്റെയും അസ്വസ്ഥതയുടെയും അന്തരീക്ഷത്തിലായിരി ക്കും.

ഇന്നത്തെ ലോകത്ത് നമ്മെ സംബന്ധിച്ചിടത്തോളം ദേശീ യമോ സാമുദായികമോ ആയ തലങ്ങളിലൊന്നുംതന്നെ ഉന്നതമായ മാനദണ്ഡങ്ങളുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കാനാവശ്യമായ ധാർമ്മികമോ ഭൗതികമോ ആയ വിഭവങ്ങൾ കൈമുതലായില്ല. എന്നാൽ, ഉന്നതമായ സ്വഭാവ വൈശിഷ്ട്യമുള്ള വ്യക്തികളെ സൃഷ്ടിക്കാൻ ആവശ്യമായ വിഭവങ്ങൾ നമ്മുടെ കൈവശമുണ്ട്. അത് പടച്ചവന്റെ സൃഷ്ടിപദ്ധതിയുടെ താത്പര്യമാണ്. അത് പരി ഗണിച്ചത് ഒരു സ്വർഗ്ഗീയ സമൂഹത്തെ സൃഷ്ടിക്കുക എന്നതല്ല, പറുദീസയിലെ ആദർശ്ശ പൂർണ്ണ സമൂഹത്തിൽ വസിക്കാൻ അർഹ തയുള്ള സ്വർഗ്ഗീയ വ്യക്തിത്വങ്ങളെ രൂപപ്പെടുത്തുക എന്നതാണ്.

തികവുറ്റ സമൂഹം എന്ന മാനദണ്ഡങ്ങളിലൂടെ വീക്ഷിക്കു മ്പോൾ ഇസ്‌ലാമിന്റെ ചരിത്രത്തിനും അതിന്റേതായ ഇരുണ്ട നിഷേ ധാത്മക വശങ്ങളുണ്ട്. എന്നാൽ, വ്യക്തികളുടെ വികാസം എന്ന നിലയിൽ നോക്കുകയാണെങ്കിൽ അതേ ചരിത്രത്തിന് വളരെ ക്രിയാത്മകമായ ഒരു ഉജ്വല വശമുണ്ടെന്ന് കാണാനാവും. ആദർശ്ശ പൂർണ്ണമായ സമൂഹമോ രാഷ്ട്രമോ ഒരുപക്ഷെ, നിലവിൽ വന്നി ട്ടില്ല എന്നുവന്നേക്കാം. എന്നാൽ, ഇസ്‌ലാമിക ചരിത്രത്തിലുടനീളം ഉന്നതമായ ധാർമ്മിക, ആത്മീയ ഗുണങ്ങളുള്ള വ്യക്തിത്വങ്ങളുടെ ക്ഷാമം ഒരു കാലത്തും അനുഭവിച്ചിട്ടില്ല. ചരിത്രത്തിന്റെ അധ്യാ യങ്ങളിൽ ആദർശ്ശ സമൂഹങ്ങൾ വളരെ കുറച്ചേയുള്ളു. എന്നാൽ ആദർശ്ശ പൂർണ്ണമായ വ്യക്തികളുടെ ചിന്തകളും വാക്കുകളും പ്രവർത്തികളും കൊണ്ട് അതിന്റെ താളുകൾ പ്രോജ്വലമായിരിക്കു ന്നു.

# ഇസ്ലാമിനെ കണ്ടെത്തൽ

**ഒ**രിക്കൽ യൂകേയിൽ നിന്നുള്ള ഒരു മുസ്ലീം പണ്ഡിതൻ ഇന്ത്യ സന്ദർശ്ശിച്ച്, ഇസ്ലാമും പടിഞ്ഞാറും എന്ന വിഷയത്തിൽ ഒരു പ്രഭാഷണം നടത്തി. ചോദ്യോത്തര വേളയിൽ ഒരു ഇന്ത്യൻ മുസ്ലീം ചോദിച്ചു: "ഇസ്ലാമിനെയും പടിഞ്ഞാറിനെയും കുറിച്ച് ഒട്ടനവധി വിവരങ്ങൾ താങ്കൾ ഞങ്ങൾക്ക് നല്കിയിട്ടുണ്ട്. ഇനി ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ ഒരു ന്യൂനപക്ഷമായി കഴിയുന്ന മുസ്ലീങ്ങൾ എന്തുചെയ്യണമെന്നാണ് താങ്കൾക്ക് പറഞ്ഞുതരാനു ള്ളത്?"

ഒരു നിമിഷം നിശബ്ദനായതിനുശേഷം പണ്ഡിതൻ പ്രതി വചിച്ചു: "ഇത് തീർച്ചയായും വിഷമമുള്ള ഒരു ചോദ്യമാണ്. ഇസ്ലാമിൽ നമുക്ക് കണ്ടെത്താനാവുക, അധികാര ശക്തിക്ക് ഉത കുന്ന ഒരു മാതൃകയെയാണ്. താഴ്മയുടേതായ അവസ്ഥക്ക് യോജിച്ച ഒരു മാതൃക ഇസ്ലാമിലില്ല."

അതൊരു വീൺ വാക്കല്ല. മുസ്ലീം ലോകത്താകമാനം ഇന്ന് നിലവിലുള്ള ചിന്താരീതി അതാണ്. ഇന്നത്തെ മുസ്ലീങ്ങളുടെ മാനസിക നിലപാടാണത്. ബോധപൂർവ്വമോ അബോധപൂർവ്വമോ തങ്ങളുടെ പ്രോജ്വലമായ ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കിയാണ് ലോകത്ത് അവർക്കുള്ള പദവിയും ധർമ്മവും എന്തെന്ന് മനസ്സിലാ ക്കാൻ അവർ ശ്രമിക്കുന്നത്. അങ്ങനെ, ശക്തിയുടേതായ പ്രധാന പ്പെട്ട ഒരു മാതൃകയെ ചരിത്രത്തിൽ അവർ കണ്ടെത്തുമ്പോൾ,

ഇസ്ലാം നിലകൊള്ളുന്നത് ആഗോള മുസ്ലീം രാഷ്ട്രീയ മേധാവിത്വത്തിന് വേണ്ടിയാണെന്ന് അവർ സ്വാഭാവികമായും കണക്കുകൂട്ടുന്നു. ആ ഒരു മാനസിക നിലപാട് നിമിത്തമാണ് തങ്ങളുടെ ഉജ്ജ്വലമായ ചരിത്രത്തിന്റെ മറയെ ഭേദിച്ച് ഖുർ,ആനിൽ നിന്നും സുന്നത്തിൽ നിന്നും നേർക്കുനേരെ മാർഗ്ഗ ദർശ്ശനം തേടാൻ അവർക്ക് സാധിക്കാതെ പോകുന്നത്. അങ്ങനെ അവർ ചെയ്തിരുന്നുവെങ്കിൽ കീഴാളത്വം അടക്കമുള്ള സകല മാനുഷികാവസ്ഥകൾക്കും ഉള്ള മാതൃകകൾ കണ്ടെത്താൻ അവർക്ക് സാധിക്കുമായിരുന്നു. എന്നുമാത്രമല്ല, ഇസ്ലാമിന്റെ രാഷ്ട്രീയ വ്യാപനമല്ല, സമാധാന പൂർണ്ണമായ ദ,അവാ പ്രവർത്തനങ്ങളിലൂടെ ഇസ്ലാമിന്റെ ആശയപരമായ വ്യാപനമാണ് മുസ്ലീം സമുദായം എല്ലാ സാഹചര്യങ്ങളിലും എല്ലായിടത്തും ഏറ്റെടുക്കേണ്ടതെന്നും അവർക്ക് തിരിച്ചറിയാനാവുമായിരുന്നു.

ഒരു കീഴാള അവസ്ഥയിൽ ജീവിക്കുന്നതിനുള്ള മാതൃക നല്കുന്നതിൽ ഇസ്ലാം പരാജയപ്പെട്ടു എന്നതാണ് നിലവിൽ വ്യാപകമായ തെറ്റിദ്ധാരണ. എന്നാൽ, ഹിജറ 8 ആണ്ടിലെ മക്കാ വിജയം വരെ, അതായത് നബി(സ)യുടെ പ്രവാചക ദൗത്യത്തിലെ 23 വർഷങ്ങളിൽ 20 വർഷങ്ങളിലും പ്രവാചകൻ, ഇന്ന് താഴ്മയുടേതെന്ന് കണക്കാക്കപ്പെടുന്ന അതേ അവസ്ഥയിലാണ് കഴിഞ്ഞിരുന്നതെന്ന് പ്രവാചകന്റെ ജീവ ചരിത്രത്തെ സംബന്ധിച്ച നിഷ്പക്ഷമായ പഠനം വെളിപ്പെടുത്തും. പ്രവാചകത്വ ദൗത്യത്തിന്റെ മുക്കാൽ ഭാഗവും താഴ്മയുടേതായ ഒരു ചിത്രം നല്കുമ്പോൾ ഇന്ത്യ പോലെയുള്ള മുസ്ലീം ന്യൂനപക്ഷങ്ങൾക്ക് ഒരു ഇസ്ലാമിക മാതൃക ഇല്ലെന്ന് പറയാൻ ഒരാളെ പ്രേരിപ്പിക്കുന്നതെന്താണ്? അതിന്റെ വസ്തുത എന്തെന്നാൽ, പിൽക്കാല മുസ്ലീം ചരിത്രത്തിന്റെ രാഷ്ട്രീയ പ്രഭയിൽ മഞ്ഞളിച്ചുപോയ അവരുടെ കണ്ണുകൾക്ക് പ്രവാചക ജീവിതത്തിലെ താഴ്മയുടേതായ പ്രഭ കാണാൻ കഴിയുന്നില്ല.

ഖുർ,ആനിൽ നിന്നും സുന്നത്തിൽ നിന്നും പ്രചോദനം ഉൾക്കൊള്ളുന്നതിനുപകരം രാഷ്ട്രീയമായ പ്രൗഢിയിൽ നിന്ന് പ്രചോദനമാർജ്ജിക്കുകയെന്ന പിൽക്കാല ദിശാ മാറ്റം ദൗർഭാഗ്യവശാൽ ഇന്നത്തെ മുസ്ലീങ്ങളുടെ പൊതു വീക്ഷണത്തെ അവ്യക്തത ഉള്ളതാക്കി. അങ്ങനെ യഥാർത്ഥ ഇസ്ലാം അവർക്ക് അന്യമായ ഒരു മതമായി. ഇസ്ലാം മുഴുജീവിതത്തിനുമുള്ള ഒരു സമഗ്ര

പദ്ധതിയാണെന്നും, എല്ലാ കാലത്തേക്കുമുള്ള സമ്പൂർണ്ണമായ മാതൃകയാണ് നബി(സ)യെന്നും അവർ അഭിമാനത്തോടെ അവകാശപ്പെടുമ്പോൾപ്പോലും, അവരുടെ ദിശ തെറ്റിയ സമീപനം നിമിത്തം ശക്തിയുടേതായ ഒരു അവസ്ഥയെക്കാൾ വളരെ പ്രധാനമായ താഴ്മയുടെ അവസ്ഥക്ക് പറ്റിയ ഒരു മാതൃക അവർക്ക് കണ്ടെത്താനാവുന്നില്ല.

ആ അവസ്ഥ തികച്ചും നബി(സ)യുടെ പ്രവചനത്തിനനുസൃതമാണ്: "ഇസ്‌ലാം അപരിചിതമായ അവസ്ഥയിലാണ് ആരംഭിച്ചത്. അവസാനം വീണ്ടും അത് അപരിചിതത്വത്തിന്റെ അവസ്ഥയിലേക്ക് മടങ്ങും. അപരിചിതത്വത്തിന്റെ ആളുകൾ അനുഗ്രഹിക്കപ്പെടട്ടെ" (മുസ്‌ലീം).

ഇസ്‌ലാമിന്റെ യഥാർത്ഥ രൂപം മുസ്‌ലീങ്ങൾക്കും അമുസ്‌ലീങ്ങൾക്കും ഒരുപോലെ തികച്ചും അപരിചിതമായിരിക്കുന്നുവെന്ന് പറയുന്നത് അതിശയോക്തിയല്ല. അതിനാൽ, ഇസ്‌ലാമിനെ വീണ്ടും കണ്ടെത്തേണ്ടിയിരിക്കുന്നു. ആ കണ്ടെത്തലിനുമുമ്പ് എന്തൊക്കെ ഘട്ടങ്ങളാണ് ഇസ്‌ലാമിനെ ഇന്നത്തെ ലോകത്ത് അപരിചിതമാക്കിയതെന്ന് ആദ്യം നാം കണ്ടെത്തേണ്ടിയിരിക്കുന്നു. മേൽപ്പറഞ്ഞ ഹദീസ് പ്രവചിച്ചതുപോലെ ഇസ്‌ലാമിന്റെ അന്യവത്കരണമെന്ന ദുരന്ത പ്രതിഭാസത്തിന്റെ ചരിത്ര പരവും രാഷ്ട്രീയവുമായ കാരണങ്ങളുടെ നിഷ്കൃഷ്ടമായ ഒരു വിശകലനം ഇനി വരുന്ന പേജുകളിൽ വായനക്കാരന് കാണാം.

# എന്തുകൊണ്ട് ഇസ്‌ലാം മാത്രം

**ഇ**തരമതസ്ഥർ തങ്ങളുടെ വിശ്വാസങ്ങൾ തെറ്റിദ്ധരിക്കപ്പെടുന്നുവെന്ന് പരാതിപറയുന്നത് നാം കേൾക്കാറേയില്ല. ഉദാഹരണത്തിന്, ഹിന്ദുക്കളും ബുദ്ധമതക്കാരും ക്രിസ്ത്യാനികളും, തങ്ങളുടെ മതം മോശമായാണ് മനസ്സിലാക്കപ്പെടുന്നതെന്ന് പറയാറില്ല. അതിനുള്ള ഒരു കാരണം, ഇന്നത്തെ മുസ്‌ലീങ്ങൾ വളരെ വ്യാപകമായി ചെയ്യുന്നതുപോലെ തങ്ങളുടെ മതങ്ങളെ സാമുദായിക രാഷ്ട്രീയവുമായി അവർ കൂട്ടിക്കുഴക്കാറില്ല എന്നതാണ്. അവരുടെ മതങ്ങളുടെ പേരിൽ ഭൗതികമായ താത്പര്യങ്ങളെ നേടിയെടുക്കാനും പൊതുവായി അവർ ശ്രമിക്കാറില്ല.

വിശുദ്ധ വേദത്തിൽ നിന്ന് ഇസ്‌ലാമിനെ പഠിക്കാൻ ശ്രമിക്കുന്ന ഒരാൾക്ക്, ഇന്ന് പൊതുവായി മനസ്സിലാക്കപ്പെടുന്നതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് യഥാർത്ഥ ഇസ്‌ലാമെന്ന് കണ്ടെത്താൻ സാധിക്കും. മറ്റ് മതങ്ങൾ ജനങ്ങൾക്ക്, അവയെന്തോ അതായിത്തന്നെ അറിയാൻ കഴിയും. അതിനാൽത്തന്നെ അവയെ വീണ്ടും കണ്ടെത്തേണ്ട ആവശ്യമുദിക്കുന്നില്ല. തെറ്റിദ്ധാരണയുടെ പ്രശ്നം ഇസ്‌ലാമിന്റേത് മാത്രമാണ്. ഇസ്‌ലാമിന്റെ മൗലിക രൂപത്തെ വീണ്ടും കണ്ടെത്തണമെങ്കിൽ അതിന്റെ മൂല വേദ സ്രോതസ്സുകളിൽ നിന്ന് ഇസ്‌ലാമിനെ പഠിക്കേണ്ട ആവശ്യമുണ്ട്. ആധുനിക കാലഘട്ടത്തിൽ, ഇസ്‌ലാമിനെ സംബന്ധിച്ച തെറ്റിദ്ധാരണകൾ നീക്കുക എന്ന ലക്ഷ്യത്തോടെ നിരവധി പുസ്തകങ്ങൾ പ്രസി

ദ്ധീകൃതമായിട്ടുണ്ട്. ഒരു തലക്കെട്ട്: ഇസ്ലാം, തെറ്റിദ്ധരിക്കപ്പെട്ട മതം.

എന്നാൽ, അത്തരം തലക്കെട്ടുകളൊന്നുംതന്നെ യഥാർത്ഥ അവസ്ഥകളുമായി പൊരുത്തപ്പെടുന്നതല്ല. അമുസ്ലീങ്ങൾ ഇസ്ലാമിനെ, അസഹിഷ്ണുതയുടെയും ഹിംസയുടെയും മതമായി തെറ്റിദ്ധരിക്കപ്പെടുന്നുവെന്ന സങ്കല്പത്തിൽ നിന്നാണ് അത്തരം പുസ്തകങ്ങൾ ആരംഭിക്കുന്നത്. എന്നിട്ട് ആ തെറ്റിദ്ധാരണകൾ നീക്കാൻ അവർ ശ്രമിക്കുന്നു. ഇവിടെ അഭിസംബോധന ചെയ്യപ്പെടേണ്ട പ്രശ്നം, എന്തുകൊണ്ടാണ് അത്തരത്തിലുള്ള തെറ്റിദ്ധാരണ ഉണ്ടായതെന്നാണ്. അത് വെറുമൊരു ആരോപണത്തിൽ അധിഷ്ഠിതമല്ല. മറിച്ച്, എല്ലാ രാജ്യങ്ങളിലുമുള്ള മുസ്ലീങ്ങൾ ഇന്ന് നിരന്തരം മറ്റുള്ളവർക്കുനേരെ അക്രമണോത്സുകതയും അസഹിഷ്ണുതയും പ്രകടിപ്പിക്കുന്നുണ്ട് എന്നത് അഭിമുഖീകരിക്കേണ്ടിവരും.

ഇസ്ലാമിക പ്രസ്ഥാനങ്ങളുടെയോ ഇസ്ലാമിക ജിഹാദിന്റെയോ പേരിലാണ് അവർ ആ പ്രവർത്തന രീതി സ്വീകരിച്ചിട്ടുള്ളത്. മുസ്ലീങ്ങൾ അങ്ങനെയൊക്കെ ചെയ്യുന്നത് തങ്ങളുടെ സാമുദായിക താത്പര്യങ്ങളുടെ പേരിലാവുകയും എന്നിട്ട് ജനങ്ങൾ അത് ഇസ്ലാമിന്റെ പേരിൽ ആരോപിക്കുകയും ചെയ്യുകയായിരുന്നുവെങ്കിൽ അതിനെ നമുക്ക് വെറും ആരോപണത്തിലധിഷ്ഠിതമായ തെറ്റിദ്ധാരണയെന്ന് വിളിക്കാമായിരുന്നു. എന്നാൽ, മുസ്ലീങ്ങളുതന്നെ തങ്ങളുടെ പ്രവർത്തനങ്ങളെ ഇസ്ലാമിന്റെ പേരിൽ അവതരിപ്പിക്കുകയാണെങ്കിൽ പിന്നെ വിഷയം തെറ്റിദ്ധാരണയുടേതല്ല, ശരിയായ മനസ്സിലാക്കലിന്റേതുതന്നെയാണ്.

മാത്രമല്ല, ആധുനിക കാലഘട്ടകത്തിലെ വിദ്യാഭ്യാസം നേടിയെടുത്ത വർഗ്ഗം മതത്തെ ഒരു വെളിപാടുസത്യം എന്നതിന് പകരം ഒരു സാമൂഹിക പ്രതിഭാസമായി കണക്കാക്കുന്ന നരവംശശാസ്ത്ര സങ്കല്പത്താൽ സ്വാധീനിക്കപ്പെട്ടവരാണ്. അതിനാൽ, അവരുടെ ചിന്താ രീതി പ്രകാരം സ്വാഭാവികമായും മുസ്ലീങ്ങളുടെ പ്രവർത്തനങ്ങളെയെല്ലാം അവർ ഇസ്ലാമികമായിത്തന്നെ കണക്കാക്കുന്നു. മുസ്ലീങ്ങൾ അത്തരം പ്രവർത്തനങ്ങളിൽ മുഴുകുന്നത് ഇസ്ലാമിന്റെ പേരുപറഞ്ഞുകൊണ്ടാണെന്നത് അവരുടെ ചിന്താരീതിയെ സ്ഥിരീകരിക്കുകയും ചെയ്യുന്നു.

അത്തരമൊരു സാഹചര്യത്തിൽ ചെയ്യേണ്ട യഥാർത്ഥ ധർമ്മം, ഇസ്‌ലാമിനെയും മുസ്‌ലീങ്ങളെയും വേർത്തിരിച്ചുമനസ്സിലാക്കുക എന്നതാണ്. ഇസ്‌ലാമും മുസ്‌ലീങ്ങളും അനിവാര്യമായും ഒന്നുതന്നെയാവണമെന്നില്ല എന്നത് വ്യക്തമാക്കപ്പെടണം. അങ്ങനെ ഒരാൾക്ക് ഇസ്‌ലാമിനെയും മുസ്‌ലീങ്ങളെയും വേർത്തിരിച്ചറിയാനാവണം. ഇസ്‌ലാം ഒരു ആദർശ്ശമാണ്. ആ ആദർശ്ശത്തെ പൂർണ്ണമായും സ്വീകരിച്ചവനാണ് ഒരു മുസ്‌ലീം. അല്ലാത്തവൻ ഒരു മുസ്‌ലീമല്ല. ഇസ്‌ലാമിക മൂല്യങ്ങളുടെ വെളിച്ചത്തിൽ മുസ്‌ലീങ്ങളെ വിലയിരുത്തൽ അത്യാവശ്യമാണ്. അല്ലാതെ, മുസ്‌ലീങ്ങൾ ഇസ്‌ലാമിന്റെ പേരിൽ ചെയ്യുന്നതിന്റെ വെളിച്ചത്തിൽ ഇസ്‌ലാമിനെ വിലയിരുത്താൻ പാടില്ല.

# പ്രവാചക വീക്ഷണം

പ്രവാചകൻ മുഹമ്മദ്(സ) പറഞ്ഞു: "എന്റെ തലമുറയാണ് ഏറ്റവും ഉത്തമം; തുടർന്ന് രണ്ടാമത്തെ തലമുറ; ശേഷം മൂന്നാമത്തെ തലമുറ." (സഹീഹ് മുസ്‌ലീം: 8/550)

അതിന്റെയർത്ഥം, ഇസ്‌ലാമിക മൂല്യം അതിന്റെ ഉത്തുംഗതയിൽ ഉണ്ടായിരുന്നത് ആദ്യ തലമുറയിലാണെന്നാണ്. തുടർന്ന് രണ്ടും മൂന്നും തലമുറകളിലൂടെ ക്ഷയം സംഭവിച്ചു. ഇസ്‌ലാമിന്റെ ചരിത്രത്തിൽ ആ ഘട്ടം അറിയപ്പെടുന്നത് പ്രവാചകന്റെ അനുയായികളുടെയും, ആ അനുയായികളുടെ അനുചരരുടെയും ഘട്ടം എന്നാണ്.

അതിൽ നിഗൂഢമായി യാതൊന്നുമില്ല. ക്ഷയോന്മുഖത എല്ലാ വിഭാഗങ്ങൾക്കും ബാധകമായ ഒരു പ്രകൃതീ നിയമമാണ്. അത് ആദ്യ തലമുറക്ക് ശേഷം ഉളവായിത്തീർന്നു. മൂന്നാം തലമുറ ആവുമ്പോഴേക്ക് ഇസ്‌ലാമിന്റെ വേരുകൾ ദുർബ്ബലമായിരുന്നു. നാലാം തലമുറ ആയപ്പോൾ ഒന്നാം തലമുറയുടെ സവിശേഷതകളിൽ വളരെയധികം വെള്ളം ചേർക്കപ്പെട്ടു. ആ പ്രക്രിയ തുടർന്നു. അങ്ങനെ ഏതാനും നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോഴേക്കും സമൂഹത്തിൽ ഇസ്‌ലാമിന്റെ ചൈതന്യം യഥാവിധി ഉൾക്കൊണ്ട നിരവധി വ്യക്തികളുണ്ടായിരുന്നുവെങ്കിലും മൊത്തം സമൂഹത്തിന് ആദ്യകാല ഇസ്‌ലാമിന്റെ പല സവിശേഷതകളും വിനഷ്ടമായി.

അതാണ് ഇസ്‌ലാം ഒരു 'അപരിചിതൻ' ആയിത്തീരുമെന്ന,

നേരത്തെ ഉദ്ധരിച്ച പ്രവാചക വചനത്തിന്റെ അർത്ഥം. പിൽക്കാല ങ്ങളിൽ ആ വ്യത്യാസം എത്രത്തോളം പ്രകടമായി എന്നാൽ, ഇന്നത്തെ മുസ്‌ലീങ്ങൾക്ക് ആദ്യ കാലഘട്ടത്തിലെ ഇസ്‌ലാം തികച്ചും അപരിചിതമായി അനുഭവപ്പെട്ടു. ആ പരിവർത്തനത്തിന്റെ ചില അടിസ്ഥാന കാരണങ്ങളാണ് ഇനി പറയുന്നത്.

# ആത്മാവും രൂപവും തമ്മിലുള്ള വേർപ്പിരിയൽ

**ആ** പരിവർത്തനത്തിന്റെ പ്രഥമ കാരണം ആത്മാവ് രൂപ ത്തിൽ നിന്ന് വേർപ്പെട്ടുപോയതാണ്. പിൽക്കാല തലമുറകളിൽ, രൂപം തത്സ്വഭാവത്തിൽ നിലകൊണ്ടു. എന്നാൽ, ആത്മാവ് നഷ്ട പ്പെട്ടു. അത്, ഒരു പഴത്തിന് അതിന്റെ തൊലി അതേപടി നില നിൽക്കുമ്പോൾപ്പോലും അകത്തെ കാമ്പ് നഷ്ടപ്പെട്ടതുപോലെയാ ണ്.

ഉദാഹരണത്തിന്, ആദ്യ കാലഘട്ടത്തിൽ ഈമാൻ (വിശ്വാ സം) എന്നത് അർത്ഥമാക്കിയത്, പടച്ചവനെ തിരിച്ചറിയുക എന്ന തായിരുന്നു. പിന്നീട്, ഈമാൻ എന്നത് ഇസ്ലാമിലെ വിശ്വാസ വചനം (കലിമ) ചൊല്ലുന്നതിന്റെ മാത്രം പര്യായമായിത്തീർന്നു. തുടക്കത്തിൽ, ഇബാദത്ത്(ആരാധന) കൊണ്ടുള്ള അർത്ഥം ഖുശൂ അ് (ഭയഭക്തി) ആയിരുന്നപ്പോൾ പിന്നീടത് ചില ആരാധനാനു ഷ്ഠാന മുറകളുടെ പര്യായം മാത്രമായി. അഖിലാഖ് (നല്ല ധാർമ്മിക വ്യക്തിത്വം) എന്നത് തുടക്കത്തിൽ കേവലമായ സ്വഭാവ വൈശ്യഷ്ട്യത്തെ കുറിച്ചപ്പോൾ പിന്നീടതിന്റെ അർത്ഥം, മറ്റുള്ള വരുടെ പെരുമാറ്റം നല്ലതോ മോശമോ എന്നതിന്റെ അടിസ്ഥാന ത്തിൽ, നല്ലതും ചീത്തയും ആകാവുന്ന പെരുമാറ്റം എന്ന അർത്ഥ ത്തിൽ ഒതുങ്ങി.

ഇസ്ലാമിന്റെ ആദ്യ ഘട്ടത്തിൽ വിശ്വാസ്യതയെ ഉത്തരവാ

ദിത്വവുമായി ബന്ധപ്പെടുത്തിയപ്പോൾ പിന്നീടതിനെ അന്തസ്സിനോടും ആഭിജാത്യത്തോടും ബന്ധിപ്പിച്ചു. തുടക്കത്തിൽ ഇസ്ലാമിന്റെ ആദർശ്ശത്തെ ഊന്നിപ്പറഞ്ഞപ്പോൾ പിന്നീട് ആദർശ്ശത്തെ ഇസ്ലാമിന്റെ ചരിത്രം പകരം വെച്ചു. മുമ്പ് ഇസ്ലാം ഒരു കടമയുടെ വിഷയമായപ്പോൾ പിന്നീടത് അഭിമാനത്തിന്റെ പ്രശ്നമായി ത്തീർന്നു. ആദ്യഘട്ടത്തിൽ ഖുർ,ആൻ തദബ്ബുറിന്റെ (ആഴത്തിലുള്ള ചിന്തയുടെ) ഗ്രന്ഥമായിരുന്നപ്പോൾ തുടർ ഘട്ടത്തിൽ അത് പാരായണത്തിന്റെ മാത്രം ഗ്രന്ഥമായി. ആദ്യ ഘട്ടത്തിൽ പ്രവാചകന്റെ കാല്പാദങ്ങളെ പിന്തുടരുക എന്നതിന് അങ്ങേയറ്റം പ്രാധാന്യം നല്കപ്പെട്ടപ്പോൾ പിൽക്കാലത്ത് പ്രവാചകനെ ഒരു ദേശീയ നായകനായി വാഴ്ത്തപ്പെട്ടു. അങ്ങനെ മുസ്ലീങ്ങൾക്ക് ഇതര ജനതകളുടെ മേലുള്ള തങ്ങളുടെ മേന്മ സ്ഥാപിക്കാനായിരുന്നു അത്.

ആദ്യ തലമുറ സ്വർഗ്ഗം സമ്പാദിക്കുക എന്നത് വ്യക്തിപരമായ പ്രവർത്തനങ്ങളിലൂടെ മാത്രമെ സാധിക്കൂ എന്ന് ചിന്തിച്ചപ്പോൾ പിൽക്കാല ജനം ഉമ്മത്തിൽ (സമുദായത്തിൽ) പെട്ടതുകൊണ്ട് മാത്രം സ്വർഗ്ഗം നേടാം എന്നുകരുതി. ആദ്യ തലമുറയിലെ ജനം എല്ലാ വിഷയത്തിലുമുള്ള മാർഗ്ഗ ദർശ്ശനത്തിന് ഖുർ,ആനിലെയും സുന്നത്തിലെയും സുരക്ഷിതമായ മൂല സ്രോതസ്സുകളിലേക്ക് തിരിഞ്ഞപ്പോൾ പിൽക്കാല തലമുറയിലെ ജനങ്ങൾ, പിൽക്കാലത്ത് രചിക്കപ്പെട്ട വ്യാഖ്യാനങ്ങളെയും വിശദീകരണങ്ങളെയും അവലംബിച്ചു. ആദ്യഘട്ടത്തിൽ ആത്മ വിചാരണയും വിമർശ്ശനവും വിലമതിക്കപ്പെട്ടപ്പോൾ പിൽക്കാലത്ത് വിമർശ്ശനമെന്നത് അരോചകമായിത്തീർന്നു. കാരണം, തങ്ങൾ എല്ലാ പോരായ്മകൾക്കും അതീതരാണെന്ന് മുസ്ലീങ്ങൾ സ്വയം കണക്കാക്കുകയും, സ്വന്തം വീഴ്ചകളെ അംഗീകരിക്കാതിരിക്കുകയും ചെയ്തു.

അക്കാരണങ്ങളെല്ലാം തന്നെ ഇസ്ലാമിന്റെ ആദ്യ ഘട്ടത്തിലെ മതം പിൽക്കാലഘട്ടത്തിലെ ജനങ്ങൾക്ക് അജ്ഞാതമായ മതമായിത്തീർന്നു. അങ്ങനെ ആദ്യ ഘട്ടത്തിലെ മതത്തിലേക്ക് അവർ ക്ഷണിക്കപ്പെട്ടപ്പോൾ അത് അവരുടെ ചിന്തക്കും നടപടികൾക്കും അപരിചിതമായതിനാൽ അത്തരത്തിലുള്ള ഒരു ക്ഷണത്തിന്റെ കടുത്ത എതിരാളികളായി അവർ സ്വയം മാറി. എന്തായാലും യഥാർത്ഥ ഇസ്ലാമിലേക്ക് ക്ഷണിച്ചതിന്റെ പേരിൽ ഒരാൾ ജനത്തിനിടയിൽ അനഭിമതനായിത്തീർന്നാൽ അയാൾക്ക് പടച്ചവൻ പരലോകത്ത് മഹത്തായ പ്രതിഫലം നല്കുമെന്ന കാര്യത്തിൽ സംശയമില്ല.

# മതത്തിന്റെ സാമുദായികവത്കരണം

ജനങ്ങൾ യഥാർത്ഥ ഇസ്‌ലാമിൽ നിന്ന് അന്യവത്കരിക്കപ്പെട്ടതിന്റെ മറ്റൊരു കാരണം, വിശ്വാസികൾ ആദർശ്ശ ബന്ധ മതത്തിന്റെ ഉന്നത വിതാനത്തിൽ നിന്ന് സാമുദായിക മതത്തിന്റെ തലത്തിലേക്ക് പതിച്ചതാണ്. തുടർന്ന് ആ സാമുദായിക അജണ്ട ഇസ്‌ലാമിക വത്കരിക്കപ്പെടുകയും ഇസ്‌ലാമിക മൂല്യങ്ങളെ സാമുദായിക താത്പര്യങ്ങൾ പകരം വെക്കുകയും ചെയ്തു. അത് ആധുനിക കാലഘട്ടത്തിൽ മുസ്‌ലീങ്ങൾ തങ്ങളുടെ ഭൂമി പിടിച്ചെടുക്കപ്പെടുക, രാഷ്ട്രീയ ശക്തി നഷ്ടപ്പെടുക, സാംസ്കാരികാധിനിവേശം, സാമ്പത്തിക ചൂഷണം തുടങ്ങിയ വിവിധങ്ങളായ സാമുദായിക പ്രശ്നങ്ങൾ അഭിമുഖീകരിച്ചതിന്റെ ഫലമാണ്. ഇന്നത്തെ മുസ്‌ലീങ്ങളും എതിരാളികളിൽ നിന്ന് സമാനങ്ങളായ പല സാമുദായിക പ്രശ്നങ്ങളെയും അഭിമുഖീകരിക്കുന്നുണ്ട്.

ലോകത്തുടനീളം മുസ്‌ലീങ്ങൾ അക്കാര്യത്തിൽ പ്രസ്ഥാനങ്ങൾക്ക് രൂപം നല്കിയിട്ടുണ്ട്. ചിലയിടത്ത് അവ പ്രതിഷേധത്തിന്റെയും ആവശ്യപ്പെടലിന്റെയും രൂപത്തിലാകും. മറ്റിടങ്ങളിൽ അവ സായുധ സംഘർഷങ്ങളായി വികസിക്കുന്നു. അത്തരം പ്രവർത്തനങ്ങൾക്ക് ശുദ്ധമായ സാമുദായിക ന്യായീകരണം മാത്രമെയുള്ളു. സാമുദായിക താത്പര്യങ്ങൾക്കുവേണ്ടിയുള്ള തങ്ങളുടെ പോരാട്ടത്തെ മുസ്‌ലീങ്ങൾ ഇസ്‌ലാമിക ജിഹാദെന്ന് വിളിക്കുന്നു. അവരുടെ നേതാക്കൾ രാഷ്ട്രീയ പാർട്ടികൾ ഉണ്ടാക്കി അധികാരം നേടാൻ ഇതര ഭരണാധികാരികളുമായി ഹിംസാത്മക

മായ സംഘട്ടനത്തിൽ ഏർപ്പെടുകയും അവക്കെല്ലാം ഇസ്‌ലാമിന്റെ പേര് നല്കുകയും ചെയ്യുന്നു. ശുദ്ധവും ലളിതവുമായ രൂപത്തിലുള്ള അധികാരക്കളിക്ക് ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ പേര് നല്കുന്നു. ഇസ്‌ലാമിന്റെ കൊടിക്കീഴിൽ അനിസ്‌ലാമിക പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ വ്യക്തമായ ഒരു രൂപത്തെയാണ് ഇന്ന് ഇസ്‌ലാമിക ജിഹാദെന്ന് വിളിക്കുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മുസ്‌ലീങ്ങൾ തങ്ങളുടെ സാമുദായിക താത്പര്യങ്ങൾക്കുവേണ്ടി എവിടെയെല്ലാം പോരാട്ടത്തിൽ ഏർപ്പെട്ടിട്ടുണ്ടോ അത്തരം പ്രവർത്തനങ്ങളെയെല്ലാം ഇസ്‌ലാമിക ജിഹാദെന്ന് വിളിക്കുന്നു.

ആ അക്രമണോത്സുക ജിഹാദ് സൃഷ്ടിക്കുന്ന കുഴപ്പം ആധുനിക മീഡിയയുടെ പക്ഷപാതിത്വപരമായ വാർത്താ കവറേജ് നിമിത്തം ആയിരമിരട്ടി വർദ്ധിക്കുന്നു. മൃദുവായ വാർത്തകളെക്കാൾ ചൂടുള്ള വാർത്തകളാണ് കൂടുതൽ ലാഭകരം എന്നതിനാൽ തേടിയ വള്ളി കാലിൽ ചുറ്റിയപോലെ മീഡിയ മുസ്‌ലീം ജിഹാദിന്റെ ഉദാഹരണങ്ങളെ കയറിപ്പിടിക്കുന്നു. ഇന്നത് ഹിംസയെ ഇസ്‌ലാമിന്റെ പര്യായമാക്കുമാറ് ഇസ്‌ലാമിന്റെ മുഖത്തെ വികൃതമാക്കിയിരിക്കുന്നു.

ഇന്നത്തെ അവസ്ഥ എന്തെന്നാൽ, ജിഹാദ് പ്രവർത്തനം, അഥവാ സായുധ പോരാട്ടം എന്നതിലൂടെ മാത്രമെ ഇസ്‌ലാമിക ദൗത്യം നിർവ്വഹിക്കാനാവൂ എന്ന് വിശ്വസിക്കുന്നിടത്തേക്ക് മുസ്‌ലീങ്ങൾ എത്തിപ്പെട്ടിരിക്കുന്നു. ആ ഒരു മനഃസ്ഥിതി നിമിത്തം സമാധാനപരമായ പോരാട്ടത്തിന്റെ പ്രസക്തി അവർക്ക് മനസ്സിലാക്കാനാവുന്നില്ല. സമാധാനത്തെയും സഹിഷ്ണുതയെയും കുറിച്ച് സംസാരിക്കുന്നവന്റെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടുന്നു. സമാധാന പരമായ പോരാട്ടത്തിന്റെ പ്രാധാന്യം അവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ നടത്തുന്ന ശ്രമങ്ങളെയെല്ലാം മതപരമായ ബാധ്യതയായ ജിഹാദ് ചെയ്യുന്നതിൽ നിന്ന് അവരെ തടയാനുള്ള ഗൂഢാലോചനയായി കണക്കാക്കുന്നു. സമാധാനപരമായ ഇസ്‌ലാമിലേക്ക് മുസ്‌ലീങ്ങളെ വിളിക്കുക എന്നത് അങ്ങനെ വളരെ പ്രയാസകരമായ ഒരു ജോലിയായിമാറി. അത്തരത്തിലുള്ള ഒരു ദൗത്യം നിർവ്വഹിക്കുമ്പോൾ സ്വന്തം മതക്കാരാൽത്തന്നെ നിന്ദിക്കപ്പെടും എന്ന അപകടം പതിയിരിക്കുന്നു. അക്കാരണത്താൽ അത്തരത്തിലുള്ള ഒരാഹ്വാനം ചെവികൊടുക്കപ്പെടാതെ പോവുന്നു.

# വ്യാഖ്യാനത്തിന്റെ മുഖപടം

യഥാർത്ഥ ഇസ്ലാം അന്യവത്കരിക്കപ്പെട്ടതിന്റെ ഒരു കാരണം ഖുർ,ആനിലെയും സുന്നത്തിലെയും യഥാർത്ഥ ഉള്ളടക്കത്തിന്റെ മേൽ വ്യക്തിനിഷ്ഠമായ വ്യാഖ്യാനങ്ങൾ ചില മറകൾ സൃഷ്ടിച്ചതാണ്. അങ്ങനെ യഥാർത്ഥ ഇസ്ലാം കാഴ്ചയിൽ നിന്ന് മറക്കപ്പെട്ടു. വെളിപാടിലൂടെ കിട്ടിയ മാർഗ്ഗ ദർശ്ശനത്തിന് പകരം മനുഷ്യ നിർമ്മിതമായ തെറ്റായ വ്യാഖ്യാനങ്ങൾ സ്ഥലം പിടിച്ചു. പിൽക്കാലത്ത് ജനങ്ങൾ അവയെ യഥാർത്ഥ ഇസ്ലാമായി തെറ്റിദ്ധരിച്ചു.

ഇസ്ലാമിന്റെ ആദ്യ ഘട്ടത്തിൽ ജനങ്ങൾ മതത്തെ സ്വീകരിച്ചത് നേർക്കുനേരെ ഖുർ,ആനിൽ നിന്നും സുന്നത്തിൽ നിന്നും ആയിരുന്നതിനാൽ യഥാർത്ഥ ഇസ്ലാമുമായുള്ള അവരുടെ ബന്ധം സുദൃഢമായിരുന്നു.

എന്നാൽ, പിൽക്കാലത്തെ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും മൗലികമായ അധ്യാപനങ്ങളെ അവ്യക്തമാക്കാൻ മാത്രമാണ് ഉപകരിച്ചത്. ഇസ്ലാമിന്റെ പ്രകൃതിപരമായ സൗന്ദര്യം അപ്രത്യക്ഷമായി. യഥാർത്ഥ മാർഗ്ഗ ദർശ്ശനത്തിന്റെ ഉപാധികൾ എന്നതിനുപകരം ഖുർ,ആനും സുന്നത്തും ചരിത്രാവശിഷ്ടങ്ങൾ മാത്രമായിത്തീർന്നു. അങ്ങനെ യഥാർത്ഥ വേദ സ്രോതസ്സുകൾക്ക് പകരം പിൽക്കാല വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും മതത്തിന്റെ അടിസ്ഥാനങ്ങളായി.

എന്തുകൊണ്ടാണ് ആ അപചയം പിൽക്കാലത്ത് രചിക്കപ്പെട്ട സാഹിത്യത്തിൽ ഉളവായത്? അതിന്റെ ഉത്തരം, ഭാഷാ പരിജ്ഞാനമുണ്ടായിരുന്ന ചിലർക്ക് വേദത്തെ സംബന്ധിച്ച ഉപരിപ്ലവമായ ജ്ഞാനം ആർജ്ജിക്കാൻ സാധിക്കുകയും ആഴത്തിൽ കാര്യങ്ങളെ മനസ്സിലാക്കാൻ സാധിക്കാതിരിക്കുകയും ചെയ്തു എന്നാണ്. കാരണം, അതിന് തിരിച്ചറിവ് (മ,അരിഫ) ആവശ്യമാണ്. ഒരാൾക്ക് മതത്തിന്റെ കാര്യത്തിൽ തിരിച്ചറിവിന്റെ തലത്തിൽ എത്താൻ സാധിക്കുമ്പോൾ അയാൾക്ക് വേദ വചനങ്ങളിലെ ആഴത്തിലുള്ള അർത്ഥത്തെ മനസ്സിലാക്കാനുള്ള യുക്തിജ്ഞാനം (ഹിക്മ) പടച്ചവൻ നല്കുന്നു. എന്നാൽ, യുക്തിജ്ഞാനമെന്ന ആ പ്രത്യേക സിദ്ധികൊണ്ട് അനുഗ്രഹീതരല്ലാത്തവർക്ക് ഇസ്‌ലാമിനെ മനസ്സിലാക്കാൻ സ്വന്തം മുൻ ധാരണകളല്ലാത്ത മറ്റൊന്നും ഉണ്ടാവില്ല.

അവർ തങ്ങളുടെ മനഃസ്ഥിതിയനുസരിച്ച് മതത്തെ വ്യാഖ്യാനിക്കുന്നു. തത്ഫലമയി, അവർ ഖുർ,ആനിനെയും സുന്നത്തിനെയും അവലംബമാക്കുന്നുണ്ടെങ്കിൽക്കൂടിയും അവരുടെ വ്യാഖ്യാനങ്ങൾക്ക് മൗലിക സ്രോതസ്സുകളുമായി വളരെ കുറഞ്ഞ ബന്ധമേ ഉണ്ടാകൂ. അങ്ങനെ ഇസ്‌ലാമിന്റെ വഴി പിന്തുടരുന്നുവെന്ന് തോന്നുന്നുവെങ്കിലും അതിന്റെ ആത്മാവിൽ നിന്ന് വ്യതിചലിച്ചുപോവുന്ന മതപരമായ അപചയം സംഭവിക്കുന്നു. ദൈവ പ്രോക്തമായ മതത്തെയും മനുഷ്യ നിർമ്മിത മതത്തെയും വ്യാഖ്യാനത്തെയും വേർത്തിരിക്കുന്നതിൽ അവർ പരാജയപ്പെടുന്നു. ആ ഒരവസ്ഥയിൽ യഥാർത്ഥ ഇസ്‌ലാമിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നവൻ സ്വന്തം ജനത്തിനിടയിൽത്തന്നെ അന്യനായിത്തീരുന്നു. മുസ്‌ലീങ്ങൾക്കിടയിൽത്തന്നെ അയാൾ അനഭിമതനാകുന്നു. ഏതായാലും, പടച്ചവനുവേണ്ടി ഈ ലോകത്ത് കീർത്തി നഷ്ടപ്പെടുന്നവന് പരലോകത്ത് മഹത്തരമായ പ്രതിഫലം ലഭിക്കും. കാരണം, ഇസ്‌ലാമിന്റെ ചിത്രം വികലമായ ഘട്ടത്തിൽ അതിന്റെ യഥാർത്ഥ രൂപത്തെ പുനരുജ്ജീവിപ്പിക്കാൻ വേണ്ടി സകല അപകടങ്ങളെയും തരണം ചെയ്യാൻ അയാൾ തയ്യാറായി എന്നതുതന്നെ.

യഥാർത്ഥ ഇസ്‌ലാമിനോടുള്ള ആ കൂട്ടിച്ചേർക്കലുകൊണ്ടുണ്ടായ വലിയ ഒരു നഷ്ടം ഊന്നലുകളിൽ ഉണ്ടായ മാറ്റമാണ്. മൊത്തം മാനവികതയെ സംബന്ധിച്ച പരിഗണന ദ,അവാ, ക്ഷമ തുടങ്ങിയ ഇസ്‌ലാമിന്റെ ചില പ്രധാനപ്പെട്ട പാഠങ്ങൾ പിന്നാമ്പുറത്തിലേക്ക് തള്ളപ്പെട്ടു. ദ,അവയാണ് മുസ്‌ലീം ഉമ്മത്തിന്റെ ഏ

റ്റവും പ്രധാനമായ ദൗത്യം. നബി(സ)യിലൂടെ പ്രവാചകത്വം അവസാനിച്ചുവെങ്കിലും പ്രവാചകന്റെ ദൗത്യം അവസാനിച്ചിട്ടില്ല. ആ ദൗത്യം മതപരമായ കടമയായി ഉമ്മത്തിലൂടെ തുടരുന്നു. ആ ദൗത്യം നിർവ്വഹിക്കാത്ത മുസ്ലീം ഉമ്മത്തിന്റെ വിശ്വാസ്യതതന്നെ നഷ്ടപ്പെടുമെന്ന് പറയുന്നത് അതിശയോക്തിയല്ല. വിചിത്രമെന്ന് പറയട്ടെ, നബി(സ)ക്ക് ശേഷമുള്ള നൂറ്റാണ്ടുകളിലെ സാഹിത്യത്തിൽ ദ,അവക്ക് യാതൊരു സ്ഥാനവും ഉണ്ടായിരുന്നില്ല. ഇന്നും മുസ്ലീം അജണ്ടയിൽ എവിടെയും അത് പരാമർശ്ശിക്കുന്നില്ല. ക്ലാസിക്കൽ ഖുർ,ആൻ വ്യാഖ്യാനങ്ങളിലും (തഫ്സീറുകളിലും) ദ,അവ എന്ന ആശയത്തിന് പ്രാധാന്യം നല്കപ്പെട്ടിട്ടില്ല. ഹദീസ് ഗ്രന്ഥങ്ങളിൽ മറ്റെല്ലാ വിഷയങ്ങളിലും അധ്യായങ്ങളുണ്ടെങ്കിലും ദ,അവയെ കുറിച്ച് ഇല്ല. അതുപോലെത്തന്നെ ഫിഖ്ഹ് (ഇസ്ലാമിക കർമ്മ ശാസ്ത്ര) ഗ്രന്ഥങ്ങളിലും ദ,അവയെ കുറിച്ചുള്ള അധ്യായമില്ല.

ഖുർ,ആൻ പ്രകാരം ഏറ്റവും മഹത്തായ പ്രതിഫലത്തിന് ഒരു മനുഷ്യനെ അർഹനാക്കുന്ന കർമ്മമാണ് ക്ഷമ അവലംബിക്കുക എന്നത് (8: 46). ക്ഷമ കൈകൊള്ളുന്ന മനുഷ്യന് കണക്കില്ലാത്ത പ്രതിഫലം നല്കപ്പെടും (39: 10). എന്നാൽ, പിൽക്കാലത്ത് പ്രചരിപ്പിക്കപ്പെട്ട വ്യാഖ്യാനം എന്തെന്നാൽ, ക്ഷമ റദ്ദുചെയ്തിരിക്കുന്നുവെന്നും അതിനുപകരം ജിഹാദ് (ഖിതാൽ അഥവാ യുദ്ധമെന്ന അർത്ഥമുള്ളത്) സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നുമാണ്. അങ്ങനെ, ആ ഗ്രന്ഥങ്ങൾ പഠിക്കുന്ന ഏതൊരാൾക്കും ബോധപൂർവ്വമോ അബോധപൂർവ്വമോ ലഭിക്കുന്ന ധാരണ, ക്ഷമ ഭൂതകാലത്തിൽ പ്രസക്തമായിരുന്നുവെങ്കിലും ഇപ്പോൾ പ്രസക്തമല്ല എന്നാണ്. ഇപ്പോൾ ജിഹാദ് ആണ് പരമ പ്രധാനം, അല്ലാതെ സ്വബ്ർ അല്ല എന്നുവരുന്നു.

അതിന്റെ ഫലമെന്തെന്നാൽ, എപ്പോഴെങ്കിലും ഒരു പരിഷ്കർത്താവ് മുസ്ലീങ്ങളെ തങ്ങളുടെ കടമകളായ ദ,അവയിലേക്കും സ്വബ്റിലേക്കും വിളിച്ചാൽ അവർ ആ ക്ഷണത്തിന്റെ ശത്രുക്കളായിത്തീരുന്നു. കാരണം, അവരുടെ ചിന്താ രീതികൾക്ക് ദ,അവ അന്യമായിരിക്കുന്നു.

## ചരിത്രപരമായ പ്രൗഢിയെ സംബന്ധിച്ച ബോധം

**മു**മ്പ് സൂചിപ്പിച്ചതുപോലെ, യഥാർത്ഥ ഇസ്‌ലാം മുസ്‌ലീങ്ങൾക്ക് അപരിചിതമാകാനുള്ള പ്രധാന കാരണങ്ങളിലൊന്ന്, പിൽക്കാല തലമുറകൾക്ക് ഇസ്‌ലാമിന്റെ ഭാവസ്വരൂപത്തിന്റെ അടിസ്ഥാനം ഖുർ,ആനിനും സുന്നത്തിനും പകരം ഇസ്‌ലാമിന്റെ ചരിത്രം ആയിത്തീർന്നതാണ്. മുസ്‌ലീങ്ങൾക്ക് തങ്ങളുടെ പ്രോജ്ജ്വലമായ ചരിത്രം ഖുർ,ആനിനെക്കാളും സുന്നത്തിനെക്കാളും ആകർഷകമായി അനുഭവപ്പെട്ടു. അവർക്ക് അവ രണ്ടും ഏതാനും പദങ്ങൾ മാത്രമായി പരിണമിച്ചു.

സാമ്രാജ്യത്വ പ്രൗഢിയും വെട്ടിപ്പിടിക്കലും നിറഞ്ഞ തങ്ങളുടെ ചരിത്രമാകട്ടെ അവർക്ക് വമ്പിച്ച അഭിമാന ബോധം നല്കി. ഖുർ,ആൻ ഓതുന്നതിലൂടെ അതിന് അധര സേവനം നടത്തുന്നത് തുടരുമ്പോൾപ്പോലും അവർ ഇസ്‌ലാമിന്റെ ചരിത്രത്തിന്റെ പ്രൗഢികളിൽ മുങ്ങിപ്പോകുന്നു. കാലക്രമേണെ, ഇസ്‌ലാമിനെ ഖുർ,ആനും സുന്നത്തുമായി ബന്ധിപ്പിക്കുന്നതിനുപകരം പ്രൗഢമായ ആ ചരിത്രവുമായി അവർ ബന്ധിപ്പിക്കുകയും അത് അവരുടെ പ്രചോദനത്തിന്റെ മുഖ്യ സ്രോതസ്സാവുകയും ചെയ്തു.

പ്രചോദന സ്രോതസ്സിലുള്ള ആ മാറ്റം വമ്പിച്ച കെടുതികൾ സൃഷ്ടിച്ചു. ഖുർ,ആനും സുന്നത്തും ഒരാളുടെ വൈചാരിക

സ്രോതസ്സുകളാകുമ്പോൾ അതിലൂടെ ധിഷണക്ക് താഴ്മ കൈവരിക്കാനാവും. എന്നാൽ, ചരിത്രം വൈചാരിക സ്രോതസ്സാവുമ്പോൾ അഹന്തയാണ് സൃഷ്ടിക്കപ്പെടുക.

പടച്ചവന്റെ ഇച്ഛയെ സംബന്ധിച്ച ജ്ഞാനത്തിന്റെ യഥാർത്ഥ സ്രോതസ്സുകളായി ഖുർ,ആനും സുന്നത്തും സ്വീകരിക്കപ്പെടുമ്പോൾ മുഴുവൻ മാനവികതയെയും, ഒരു ഹദീസിന്റെ വാക്കുകളിലൂടെ പറഞ്ഞാൽ, വിശ്വാസികൾ പടച്ചവന്റെ ബന്ധുക്കളായി കണക്കാക്കും. അങ്ങനെ, മൊത്തം മാനവികത അവരുടെ പരിഗണനയായിത്തീരും. എന്നാൽ, മനസ്സിനെ രൂപപ്പെടുത്തുന്നത് ചരിത്രമാവുമ്പോൾ മുസ്‌ലീങ്ങൾ സ്വയം ഭരണകർത്താക്കളായി കാണുകയും മറ്റുള്ളവരെ പ്രജകളായി കണക്കാക്കുകയും ചെയ്യുന്നു.


അവർ ഇസ്‌ലാമിനെ ഖുർ,ആനിൽ നിന്നും സുന്നത്തിൽ നിന്നും സ്വീകരിക്കുകയാണെങ്കിൽ ഒരു പുൽക്കൊടി അടക്കമുള്ള, പടച്ചവന്റെ സർവ്വ സൃഷ്ടികളും അവർക്ക് പടച്ചവന്റെ ദൃഷ്ടാന്തങ്ങളാകും. എന്നാൽ, ചരിത്രം ഇസ്‌ലാമിന്റെ സ്രോതസ്സായി വരുമ്പോൾ രാജാക്കന്മാരുടെ കോട്ടകളും കൊട്ടാരങ്ങളും അവർക്ക് പ്രൗഢിയുടെയും പ്രതാപത്തിന്റെയും ചിഹ്നങ്ങളാകുന്നു. അതാണ് പിൽക്കാല മുസ്‌ലീങ്ങൾക്ക് യഥാർത്ഥത്തിൽ സംഭവിച്ചത്.

ഇന്നത്തെ മുസ്‌ലീങ്ങളുടെ സർവ്വ പ്രവർത്തനങ്ങളും അതിന് സാക്ഷ്യം വഹിക്കുന്നു. അവരുടെ നേതാക്കളുടെ പ്രസംഗങ്ങളും എഴുത്തുകാരുടെ ഗ്രന്ഥങ്ങളും കവികളുടെ കാവ്യങ്ങളും പ്രൗഢമായ ചരിത്രത്തിൽ കേന്ദ്രീകൃതമാണ്. അവരുടെ എഴുത്തുകാരും പ്രസംഗകരും അവർക്ക് നല്കുന്ന ചിന്താ വിഭവം ചരിത്രപരമായ പ്രതാപത്തെക്കുറിച്ചുള്ളതാണ്. അല്ലാതെ, പടച്ചവന്റെ പ്രതാപത്തെക്കുറിച്ചുള്ളതല്ല. അക്കാരണം കൊണ്ടാണ്, ആധുനിക കാലഘട്ടത്തിൽ ചരിത്രത്തെ ആഘോഷിക്കുന്ന നിരവധി പുസ്തകങ്ങൾ മുസ്‌ലീങ്ങൾ എഴുതിയപ്പോൾ സർവ്വ ശക്തനായ പടച്ചവന്റെ പ്രതാപത്തെക്കുറിച്ചുള്ള ഒരൊറ്റ ഗ്രന്ഥം പോലും എഴുതപ്പെടാതെപോയത്.

ആ ഒരു സാഹചര്യത്തിൽ ഒരു പരിഷ്കർത്താവ് മുസ്‌ലീങ്ങളെ ഖുർ,ആനിന്റെയും സുന്നത്തിന്റെയും മതത്തിലേക്ക് വിളിക്കുമ്പോൾ അയാളുടെ ശബ്ദം ശ്രോതാക്കൾക്ക് സ്വാഭാവികമായും അപരിചിതമായി അനുഭവപ്പെടുന്നു. കാരണം, ആ വ്യക്തി തങ്ങളെ

എളിമയിലേക്കാണ് ക്ഷണിക്കുന്നതെന്നും, എന്നാൽ മതം (അതായത്, ചരിത്രം) തങ്ങളെ ശക്തിയുടെയും അധികാരത്തിന്റെയും സ്ഥാനത്ത് വെക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അവർക്കനുഭവപ്പെടുന്നു. ആ ഒരന്തരീക്ഷത്തിൽ പരിഷ്കർത്താവിന്റെ വാക്കുകൾ അവർക്ക് നിസ്സാരവും അന്യവും അസ്വീകാര്യവുമായി ഭവിക്കുന്നു.

*



മൗലാനാ
വഹീദുദ്ദീൻ ഖാൻ

# സ്രഷ്ടാവിന്റെ സൃഷ്ടിപദ്ധതി

**അ**വരുടെ നേതാക്കളുടെ പ്രസംഗങ്ങളും എഴുത്തുകാരുടെ ഗ്രന്ഥങ്ങളും കവികളുടെ കാവ്യങ്ങളും പ്രൗഢമായ ചരിത്രത്തിൽ കേന്ദ്രീകൃതമാണ്. അവരുടെ എഴുത്തുകാരും പ്രസംഗകരും അവർക്ക് നല്കുന്ന ചിന്താ വിഭവം ചരിത്രപരമായ പ്രതാപത്തെക്കുറിച്ചുള്ളതാണ്. അല്ലാതെ, പടച്ചവന്റെ പ്രതാപത്തെക്കുറിച്ചുള്ളതല്ല.

ആ ഒരു സാഹചര്യത്തിൽ ഒരു പരിഷ്കർത്താവ് മുസ്‌ലീങ്ങളെ ഖുർ,ആനിന്റെയും സുന്നത്തിന്റെയും മതത്തിലേക്ക് വിളിക്കുമ്പോൾ അയാളുടെ ശബ്ദം ശ്രോതാക്കൾക്ക് സ്വാഭാവികമായും അപരിചിതമായി അനുഭവപ്പെടുന്നു.

**Goodword Books Kerala**
**Price: Rs. 40**